# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD19/674/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 28/06/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD19/674/2021 തീയ്യതി: 28/06/2021

# പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2019 മുതൽ 16-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| | | | |
|---|---|---|---|

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജയശ്രീ.കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.കെ.ശശികുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| | | 05-08-2019 | 14-08-2019 |
| ഇ.വി.ഗിരീഷ് | സെക്രട്ടറി | 24-04-2019 | 04-08-2019 |
| | | 15-08-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീതു.പി.പ്രേമൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.അലിക്കുട്ടി | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷമിത.പി | അസി.എഞ്ചിനിയർ | 01-04-2019 | 10-03-2020 |
| ശ്രീ.രവി.വി | അസി.എഞ്ചിനിയർ | 11-03-2020 | 31-03-2020 |
| ശ്രീമതി.എച്ച്.എൻ.ആഗസ് | ICDS സൂപ്പർവൈസർ | 01-04-2019 | 10-07-2019 |
| ശ്രീമതി.നിർമ്മല.എം | ICDS സൂപ്പർവൈസർ | 11-07-2019 | 31-03-2020 |
| ശ്രീമതി.ശ്രീജ.പി | വി.ഇ!ഒ-1 | 01-04-2019 | 19-06-2019 |
| ശ്രീമതി.സിന്ധു.കെ | വി.ഇ.ഒ-1 | 20-06-2019 | 31-03-2020 |
| ശ്രീമതി.ശ്രീജ.പി | വി.ഇ.ഒ-2 | 01-04-2019 | 28-10-2019 |
| ശ്രീമതി.സിന്ധു.കെ | വി.ഇ.ഒ-2 | 29-10-2019 | 17-12-2019 |
| ശ്രീ.തങ്കരാജ്.പി | വി.ഇ.ഒ-2 | 18-12-2019 | 31-03-2020 |
| ഡോ.സൗമ്യമോൾ.പി.എം | മെഡിക്കൽ ഓഫീസർ(ISM) | 01-04-2019 | 20-08-2019 |
| ഡോ.രാജേഷ്.ആർ | മെഡിക്കൽ ഓഫീസർ(ISM) | 21-08-2019 | 27-11-2019 |
| ഡോ.അമ്മു.ബി.ബി | മെഡിക്കൽ ഓഫീസർ(ISM) | 28-11-2019 | 31-03-2020 |
| ശ്രീമതി.നാൻസി.കെ.വർഗ്ഗീസ് | ഡയറി | 01-04-2019 | 31-01-2020 |

| | | | |
|---|---|---|---|
| | എക്സ്ടൻഷൻ ഓഫീസർ | | |
| ശ്രീ.റമീസ്.പി.മോഹനൻ | ഡയറി എക്സ്ടൻഷൻ ഓഫീസർ | 01-02-2020 | 31-03-2020 |
| ഡോ.ഷീജ.പി | മെഡിക്കൽ ഓഫീസർ(PHC) | 01-04-2019 | 26-05-2019 |
| ഡോ.ഉണ്ണികൃഷ്ണൻ.കെ | മെഡിക്കൽ ഓഫീസർ(PHC) | 27-05-2019 | 20-07-2019 |
| ഡോ.അജിതകുമാരി.എസ് | മെഡിക്കൽ ഓഫീസർ(PHC) | 21-07-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കലും നിയന്ത്രണവും- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 18-06-2021)<br>Last Updated By: Ranjith. R (Auditor, On 18-06-2021) | 1-1 |
| 2 | നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ ലഭ്യമാക്കി ചർച്ച ചെയ്തില്ല<br>Written By: Ranjith. R (Auditor, On 18-06-2021)<br>Last Updated By: Ranjith. R (Auditor, On 18-06-2021) | 1-1-1 |
| 3 | പ്ലാൻ എസ്റ്റിമേറ്റ് - യഥാർത്ഥ ചെലവ് ബജറ്റ് വിഹിതത്തേക്കാൾ കുറവ്<br>Written By: Ranjith. R (Auditor, On 18-06-2021)<br>Last Updated By: Ranjith. R (Auditor, On 28-06-2021) | 1-1-2 |
| 4 | ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കണം<br>Written By: Ranjith. R (Auditor, On 18-06-2021)<br>Last Updated By: Ranjith. R (Auditor, On 18-06-2021) | 1-1-3 |
| 5 | വാർഷിക ധനകാര്യപത്രിക<br>Written By: Ranjith. R (Auditor, On 18-06-2021)<br>Last Updated By: Ranjith. R (Auditor, On 18-06-2021) | 1-2 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Ranjith. R (Auditor, On 18-06-2021)<br>Last Updated By: Ranjith. R (Auditor, On 18-06-2021) | 1-3 |
| 7 | പദ്ധതി അവലോകനം<br>Written By: I. Sulaiman (Asst. Audit Officer, On 24-06-2021)<br>Last Updated By: I. Sulaiman (Asst. Audit Officer, On 24-06-2021) | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.Sabna Das (Senior Grade Auditor, On 24-06-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 24-06-2021) | 1-5 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: I. Sulaiman (Asst. Audit Officer, On 24-06-2021)<br>Last Updated By: I. Sulaiman (Asst. Audit Officer, On 24-06-2021) | 1-6 |
| 10 | ക്യാഷ് പരിശോധന<br>Written By: Ranjith. R (Auditor, On 18-06-2021)<br>Last Updated By: Ranjith. R (Auditor, On 18-06-2021) | 1-7 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 24-06-2021) | 1-8 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 24-06-2021) | 1-9 |
| 13 | പൊതു ഉപയോഗത്തിനായുള്ള ഭാഗങ്ങൾ വസ്തുനികുതി നിർണ്ണയിക്കുന്നതിന് പരിഗണിക്കാത്തതിനാൽ നികുതി നഷ്ടം<br>Written By: Ranjith. R (Auditor, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-06-2021) | 1-10 |
| 14 | വസ്തു നികുതി- ചില ഉപയോഗക്രമങ്ങൾക്ക് നിരക്കുകൾ നിശ്ചയിച്ചിട്ടില്ല<br>Written By: Ranjith. R (Auditor, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-06-2021) | 1-11 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് | 1-12 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല<br>Written By: Ranjith. R (Auditor, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-06-2021) | |
| 16 | നിലം ഭൂമിയിലെ നിർമ്മാണം- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: S.Sabna Das (Senior Grade Auditor, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-06-2021) | 1-13 |
| 17 | അനധികൃത നിർമ്മാണങ്ങൾ- നിയമാനുസൃത വസ്തുനികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-06-2021) | 1-14 |
| 18 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: S.Sabna Das (Senior Grade Auditor, On 25-06-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 25-06-2021) | 1-15 |
| 19 | ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ കണക്ക് കാലികമാക്കിയിട്ടില്ല<br>Written By: S.Sabna Das (Senior Grade Auditor, On 25-06-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 25-06-2021) | 1-15-1 |
| 20 | ലൈസൻസിനായുള്ള അപേക്ഷാ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല<br>Written By: S.Sabna Das (Senior Grade Auditor, On 25-06-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 25-06-2021) | 1-15-2 |
| 21 | ലൈസൻസ് ഫീ ഈടാക്കുന്നതിനായുള്ള തീരുമാനത്തിലെ അവ്യക്തത പരിഹരിക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 25-06-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 25-06-2021) | 1-15-3 |
| 22 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: S.Sabna Das (Senior Grade Auditor, On 25-06-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 25-06-2021) | 1-15-4 |
| 23 | ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - ചട്ടങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 25-06-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 25-06-2021) | 1-16 |
| 24 | ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: I. Sulaiman (Asst. Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-06-2021) | 1-17 |
| 25 | ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: I. Sulaiman (Asst. Audit Officer, On 24-06-2021)<br>Last Updated By: I. Sulaiman (Asst. Audit Officer, On 25-06-2021) | 1-18 |
| 26 | ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച്<br>Written By: I. Sulaiman (Asst. Audit Officer, On 24-06-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 25-06-2021) | 1-19 |
| 27 | അസാധാരണ ചെലവുകൾ - ചട്ടങ്ങൾ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കേണ്ടതാണ് | 1-20 |

| | | |
|---|---|---|
| | Written By: I. Sulaiman (Asst. Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-06-2021) | |
| 28 | ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങി<br>Written By: I. Sulaiman (Asst. Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-06-2021) | 1-21 |
| 29 | എസ്.സി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വിതരണം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: I. Sulaiman (Asst. Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-06-2021) | 1-22 |
| 30 | എ.ബി.സി.പദ്ധതിക്കായി ജില്ലാ പഞ്ചായത്തിലേക്ക് നല്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: I. Sulaiman (Asst. Audit Officer, On 24-06-2021)<br>Last Updated By: I. Sulaiman (Asst. Audit Officer, On 25-06-2021) | 1-23 |
| 31 | ഡെപ്പോസിറ്റ് വർക്കുകൾ തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: I. Sulaiman (Asst. Audit Officer, On 24-06-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 25-06-2021) | 1-24 |
| 32 | കേരള ജല അതോരിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിശദാംശങ്ങൾ<br>Written By: I. Sulaiman (Asst. Audit Officer, On 24-06-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 25-06-2021) | 1-25 |
| 33 | മൃഗസംരക്ഷണ മേഖലയിലെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 25-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-06-2021) | 1-26 |
| 34 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 25-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-06-2021) | 1-27 |
| 35 | റിവോൾവിംഗ് ഫണ്ട് നല്കിയ കുടുംബശ്രീ യൂണിറ്റുകളുടെ തുടർപ്രവർത്തനം ഉറപ്പാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 25-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-06-2021) | 1-28 |
| 36 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം<br>Written By: Ramadevi.K.R (Senior Grade Auditor, On 25-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-06-2021) | 1-29 |
| 37 | വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി - വാങ്ങൽ നടപടി ക്രമപ്രകാരമല്ല<br>Written By: Ramadevi.K.R (Senior Grade Auditor, On 25-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-06-2021) | 1-30 |
| 38 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കണം<br>Written By: C.S.Santhosh (Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-06-2021) | 1-31 |
| 39 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കണം<br>Written By: C.S.Santhosh (Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-06-2021) | 1-32 |

| | | |
|---|---|---|
| 40 | PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി<br>Written By: C.S.Santhosh (Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-06-2021) | 1-33 |
| 41 | ആസ്തി സംരക്ഷണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-06-2021) | 1-34 |
| 42 | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി ആരംഭിക്കാത്തതിനാൽ കരാറുകാരെ കരിമ്പട്ടികയിൽപെടുത്തുവാനുള്ള തീരുമാനം നടപ്പാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-06-2021) | 1-35 |
| 43 | ഏറ്റെടുത്ത പ്രവൃത്തികൾ കരാറുകാർ ആരംഭിക്കാത്തതിനാൽ റീടെണ്ടർ ചെയ്ത് പുതിയ കരാറുകാരെ പ്രവൃത്തികൾ ഏൽപ്പിച്ചു-ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല<br>Written By: C.S.Santhosh (Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-06-2021) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഗ്യാസ് ക്രിമട്ടോറിയം ഉദ്ഘാടനം - പരിധിയിൽ കവിഞ്ഞുള്ള ചെലവ് നിരാകരിക്കുന്നു<br>Written By: C.S.Santhosh (Audit Officer, On 27-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-06-2021) | 3-1 |
| 2 | എസ്.സി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ലാപ് ടോപ് വിതരണം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 25-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-06-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 18-06-2021)<br>Last Updated By: N Satheesan (Deputy Director, On 28-06-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-06-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 18-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 18-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-06-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 24-06-2021) | 4-5 |
| 6 | | 4-6 |

| | | |
|---|---|---|
| | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 18-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-06-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 18-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-06-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 18-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-06-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 18-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 18-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 18-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വിവിധ പത്രികകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## 1-1 ബജറ്റ് തയ്യാറാക്കലും നിയന്ത്രണവും- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.
28.02.2019 ന് ചേർന്ന യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---:|
| പ്രരംഭ ബാക്കി | 806820 |
| തൻവർഷം വരവ് | 257730000 |
| ആകെ വരവ് | 258536820 |
| ചെലവ് | 257607200 |
| നീക്കിയിരിപ്പ് | 929620 |

2019-20 വർഷത്തെ റിവൈസ്ഡ് ബജറ്റ് ഭരണ സമിതിയുടെ 29.02.2020 ലെ 2-ാം നമ്പർ തീരുമാനം പ്രകാരം പാസാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് നടപടിക്രമങ്ങൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-1-1 നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ ലഭ്യമാക്കി ചർച്ച ചെയ്തില്ല

ബജറ്റ് ഫയലും മിനിറ്റ്സുകളും പരിശോധിച്ചതിൽ പദ്ധതിയേതര നിർദ്ദേശങ്ങൾക്കായി ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർത്തതായി കാണുന്നില്ല. ഘടക സ്ഥാപന മേധാവികളോട് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 27.11.2018-ൽ സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ബജറ്റ് പ്രപ്പോസലുകൾ ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതായും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.
നോൺ-പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഫയലിൽ സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-1-2 പ്ലാൻ എസ്റ്റിമേറ്റ് - യഥാർത്ഥ ചെലവ് ബജറ്റ് വിഹിതത്തേക്കാൾ കുറവ്

സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന പ്രോജക്ടുകളുടെ നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ വളരെ കുറവായാണ് ഓരോ ഇനത്തിലും തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. 51% മാത്രമാണ് തൻവർഷത്തെ പ്ലാൻ ഫണ്ട് ചെലവ്.

പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ വകയിരുത്തിയ തുകകളുടെ പരമാവധി ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-3 ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കണം

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ അവരുടെ നിർദ്ദേശങ്ങളുടെ അഭാവത്തിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

എ. സർക്കാരിലേക്ക് അടവാക്കേണ്ട തുകകൾ ബജറ്റിൽ വകയിരുത്തിയിട്ടില്ല

സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അടവാക്കേണ്ട തുകകൾ ബജറ്റിൽ വകയിരുത്തിയിട്ടില്ല. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ-ബി.എസ്.13- RECEIPT AND REFUND OF DEPOSIT എന്ന ഭാഗത്ത് ലൈബ്രറി സെസ്, ഇൻകം ടാക്സ്, പ്രൊവിഡന്റ് ഫണ്ട്, എൻ.പി.എസ് തിരിച്ചടവ് മുതലായവ തുക വകയിരുത്തേണ്ടതാണ്.

ബി. പുതിയ ധനാഗമന സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല

2019-20 വർഷത്തേക്കുള്ള ബഡ്ജറ്റുകൾ പരിശോധിച്ചതിൽ പുതിയ ധനാഗമന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് നിർദ്ദേശങ്ങളൊന്നും സ്റ്റാന്റിംഗ് കമ്മറ്റികളിൽ നിന്നും ഉയർന്ന് വന്നിട്ടില്ല.

സി. പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല

ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

ഡി. ബജറ്റിന്റെ പ്രതിമാസ / വാർഷിക അവലോകനം നടത്തിയിട്ടില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം, വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിലെ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി മിനട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മേൽ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.
വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

<u>നിർദ്ദേശങ്ങൾ</u>

1. എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.
2. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.
3. സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അടവാക്കേണ്ട തുകകൾ ബജറ്റിൽ വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-2 വാർഷിക ധനകാര്യപത്രിക</u>

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 30-05-2020 | - | - |

## <u>1-3 ഫണ്ട് വിനിയോഗം</u>

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 15720884 | 15720884 | 15719356 | 1528 |
| വികസനഫണ്ട് എസ്.സി.പി | 0 | 15858001 | 15858001 | 7832445 | 8025556 |
| വികസനഫണ്ട് എസ്.സി.പി | 0 | 549000 | 549000 | 145242 | 403758 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 25166000 | 25166000 | 5474544 | 19691456 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4499000 | 4499000 | 2969723 | 1529277 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 12018963 | 12018963 | 5862759 | 6156204.00 |

(*) വികസന ഫണ്ട്-ജനറൽ വിഭാഗത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള ചെലവ് 12351709 രൂപയാണ്. ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് തുകയായ 3367647 രൂപ കൂടി ഉൾപ്പെടുത്തിയുള്ള ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലുള്ള യഥാർത്ഥ ചെലവ് 15719356 രൂപയാണ് മേൽ പട്ടികയിൽ കാണിച്ചിട്ടുള്ളത്.

(**) വികസന ഫണ്ട്-എസ്.സി.പി വിഭാഗത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പ്രകാരമുള്ള ചെലവ് 7758915 രൂപയാണ്. ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് തുകയായ 73530 രൂപ കൂടി ഉൾപ്പെടുത്തിയുള്ള ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലുള്ള യഥാർത്ഥ ചെലവ് 7832445 രൂപയാണ് മേൽ പട്ടികയിൽ കാണിച്ചിട്ടുള്ളത്.

<u>കേന്ദ്രാവിഷ്കൃതം</u>

1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1418058 | 636661 | 2054719 | 1242246 | 812473 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2623 | 2154985 | 2157608 | 1646383 | 511225 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 29140308 | 29140308 | 29140308 | 0 |
| ആകെ | 2623 | 31295293 | 31297916 | 30786691 | 511225 |

വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് 511225 രൂപയാണ്. എം.എൻ.ആർ.ഇ.ജി.എസ് ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 12506 രൂപയാണ്. ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ 498719 രൂപ ചെലവിനത്തിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതിനാലാണ് വ്യത്യാസം ഉണ്ടായിട്ടുള്ളത്.

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 866786 | 0 | 866786 | 233950 | 632836 |

സസ്ഥാനാവിഷ്കൃാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വമിഷൻ ഫണ്ട്- സമ്പൂർണ്ണ ശുചിത്വം | 1200000 | 0 | 1200000 | 122000 | 1078000 |
| ശുചിത്വമീഷൻ ഗ്രാന്റ് | 0 | 894970 | 894970 | 0 | 894970 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 180691997 | 91 | 92171617 | - | 122 | 43 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 43% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 51% മാത്രമാണ് ചെലവഴിച്ചിട്ടുണ്ട്.

വ:ിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 20867386 | 4829500 | 23 |
| വെറ്ററിനറി സർജ്ജൻ | 3 | 2 | 2807400 | 97900 | 3 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 2 | 790700 | 570874 | 72 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| വി.ഇ.ഒ -1 | 5 | 5 | 73554063 | 56875189 | 77 |
| വി,.ഇ.ഒ-2 | 9 | 7 | 11044270 | 4281040 | 39 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 8 | 7621030 | 4194459 | 55 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 157399 | 31 |
| സെക്രട്ടറി | 35 | 24 | 14703107 | 10394811 | 71 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 137 | 36 | 48304041 | 10270445 | 21 |
| ആകെ | 213 | 91 | 180691997 | 92171617 | 51 |

പരമാവധി തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2623 | 2154985 | 2157608 | 1646383 | 511225 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 29140308 | 29140308 | 29140308 | 0 |
| ആകെ | 2623 | 31295293 | 31297916 | 30786691 | 511225 |

## 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | - | - |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3,499,200 | 591 |
| 3 | വിധവാ പെൻഷൻ | 7,217,400 | 853 |
| 4 | വാർദ്ധക്യകാല പെൻഷൻ | 11,127,400 | 1943 |
| 5 | വികലാംഗ പെൻഷൻ | 1,528,200 | 261 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 544,800 | 63 |

## 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-11-2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 40597രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.
വേറിട്ട് സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് ഉറപ്പാക്കിയിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ ബാക്കി തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല.

സാമ്പത്തിക സ്ഥിതി പൊതുവെ കുറവായ ഗ്രാമപഞ്ചായത്തിൽ അസാധാരണച്ചെലവുകൾക്കായി ധാരാളം തുക ചെലവഴിച്ചിട്ടുണ്ട്. മിച്ചഫണ്ട് വിലയിരുത്താതെ ഇത്തരം ചെലവുകൾ നിർവ്വഹിക്കുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നുണ്ട്.
ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സാഹചര്യം വളരെ പരിമിതമാണെങ്കിലും ആയത് മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. മുൻ കാലയളവുകളിൽ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ലഭ്യമായ ലോകബാങ്ക് സഹായം വേണ്ടത്ര ഫലപ്രദമായി വിനിയോഗിക്കാതിരുന്നതും നിലവിലെ അടിസ്ഥാന സൗകര്യക്കുറവിന് കാരണമായിട്ടുണ്ട്.
ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നിലനിർത്തുന്നതിനുള്ള തുടർനടപടികൾ ഉദ്യോഗസ്ഥരുടേയും ഭരണാധികാരികളുടേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ജൂലൈ 2018 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013-14 മുതൽ 2017-18 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് ജനുവരി 2021 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-10 പൊതു ഉപയോഗത്തിനായുള്ള ഭാഗങ്ങൾ വസ്തുനികുതി നിർണ്ണയിക്കുന്നതിന് പരിഗണിക്കാത്തതിനാൽ നികുതി നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപകുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാകുന്നു. താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ പൊതു ഉപയോഗത്തിനായുള്ള ഭാഗങ്ങൾ വസ്തുനികുതി നിർണ്ണയിക്കുന്നതിന് പരിഗണിക്കാത്തതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടായതായി കണ്ടെത്തി.

1. ഫയൽ നമ്പർ : എ5/7319/2019 തീയതി 19.11.2019

പേരും വിലാസവും: ഉണ്ണികൃഷ്ണൻ S/O കേശവൻ, തട്ടാൻചള്ള, നന്ദിയോട്.

അനുവദിച്ച കെട്ടിട നമ്പർ : 9/557 മുതൽ 9/566 വരെ 10 നമ്പരുകൾ

സംയുക്ത വിനിയോഗ ഗണമുള്ള കെട്ടിട സമുച്ചയത്തിൽ 9 വാണിജ്യ ആവശ്യ കെട്ടിടങ്ങൾക്കും 1 പാർപ്പിടാവശ്യ കെട്ടിടത്തിനുമാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. കംപ്ലീഷൻ പ്ലാൻ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 189.84 ച.മീറ്ററും പാർപ്പിട ആവശ്യത്തിനുള്ള 58.69 ച.മീറ്ററും ഉൾപ്പെടെ ആകെ 248.53 ച.മീ വിസ്തീർണ്ണമാണുള്ളത്. എന്നാൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് വാണിജ്യാവശ്യത്തിനുള്ള 175.98 ച. മീറ്ററും പാർപ്പിട ആവശ്യത്തിനുള്ള 51.62 ച.മീറ്ററും ഉൾപ്പെടെ ആകെ 227.6ച മീ വിസ്തീർണ്ണത്തിനാണ്. 20.93 ചതുരശ്ര മീറ്റർ വിസ്തീർണ്ണം കുറവായി നികുതി നിർണ്ണയിച്ചിരിക്കുന്നു.

2. ഫയൽ നമ്പർ : എ5/2506/2018 തീയതി 25.09.2019

പേരും വിലാസവും: സുബ്രഹ്മണ്യൻ.കെ, അയ്യൻവീട്ട്ചള്ള, വണ്ടിത്താവളം.

അനുവദിച്ച കെട്ടിട നമ്പർ : 6/603 മുതൽ 609വരെ 7നമ്പരുകൾ

കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനായി സംഘടിപ്പിച്ച ജില്ലാതല അദാലത്തിന്റെ തീരുമാനം പ്രകാരം (ഫയൽ നം.ജി2-8091/2019) കെട്ടിടത്തിന്റെ ക്രമവത്ക്കരണം നടത്തി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. 12 ച.മീ വിസ്തീർണ്ണമുള്ള 3 കടമുറികൾക്കും 19 ച.മീ വിസ്തീർണ്ണമുള്ള 4 കടമുറികൾക്കും ഉൾപ്പെടെ ആകെ 12*3+19*4= 112 ചതുരശ്ര മീറ്ററിനാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. കംപ്ലീഷൻ പ്ലാൻ പ്രകാരം GF 80.30+FF 95.72= 176.02 ചതുരശ്ര മീറ്റർ വിസ്തീർണ്ണമാണുള്ളത്. 64.02 ച.മീ വിസ്തീർണ്ണം കുറവായി നികുതി നിർണ്ണയിച്ചിരിക്കുന്നു.

പൊതു ഉപയോഗത്തിനായുള്ള ഭാഗങ്ങൾ വസ്തുനികുതി നിർണ്ണയിക്കുന്നതിന് പരിഗണിക്കാതെ നികുതി നിർണ്ണയിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/ 24-06-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി- ചില ഉപയോഗക്രമങ്ങൾക്ക് നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ സ.ഉ(അ)നം.36/2015/തസ്വഭവ തീയതി 24.02.2015, സ.ഉ.(അ)നമ്പർ 53/2020/തസ്വഭവ തീയതി 08.09.2020 എന്നിവ പ്രകാരമുള്ള നികുതി നിരക്ക് നിശ്ചയിക്കുകയോ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. നികുതി നിരക്ക് നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 3 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |
| 5 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു.

ഇത് സംബന്ധിച്ച 22.06.2021 -ലെ ഓഡിറ്റ് അന്വേഷണം നം. 7 -ന് നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.
മേൽ സൂചിപ്പിച്ച ഏതെങ്കിലും വിഭാഗം കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിൽ അടിയന്തിരമായി നിരക്ക് പുതുക്കി നിശ്ചയിക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി

ചുമത്തേണ്ടതാകുന്നു. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപനം സ്ഥിതിചെയ്യുന്ന കെട്ടിട നമ്പർ | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 151 | എൻ.ജെ.എസ് ഫർണീച്ചർ & സാ മിൽ, മുത്തുച്ചെട്ടികൊളുമ്പ് | 2/330 | 6 |
| 2 | 139 | എൻ.എസ് വുഡ് ക്രാഫ്റ്റ്, അയ്യപ്പൻകാവ് | 6/9,10 | 3 |
| 3 | 162 | വിനായക ഹോളോ ബ്രിക്സ് യൂണിറ്റ് | 11/585 | 4 |
| 4 | 164 | ആരാധ്യ ടെക്സ്റ്റയിൽസ് & ടൈലറിംഗ് യൂണിറ്റ് | 5/591 | 4 |
| 5 | 68 | ജെസ്ലാ സാ മിൽ, പട്ടഞ്ചേരി | 6/257 | 12 |
| 6 | 69 | സ്നോ ഫ്ലേക്ക്, പെരുമ്പള്ളം | 12/127 | 6 |
| 7 | 85 | റമീജാ സാ മിൽ, കൊശവൻകോട് | 16/295 | 3 |
| 8 | 87 | ടിഎംആർ പ്ലാന്റ് (ട്രസ്സ് റൂഫിംഗ്) | 11/632 | 11 |
| 9 | 89 | എ.എസ് എന്റർപ്രൈസസ് (സോഫ മാനുഫാക്ചറേഴ്സ്) | 11/459 | 4 |
| 10 | 94 | ത്രീസ്റ്റാർ സ്റ്റീൽസ് & ബോട്ടിൽസ് | 14/293 | 4 |
| 11 | 26 | ഗൃഹലക്ഷ്മി ടെക്സ്റ്റയിൽസ് | 11/549 | 3 |
| 12 | 14 | ഗ്രീൻ ലാഡർ കമ്പ്യൂട്ടർ സെയിൽ | 3/145 | 3 |

തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 26/24.06.2021 -ന് മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാർ സ്ഥിരം ജീവനക്കാർ അല്ല എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതുകൊണ്ടാണ് തൊഴിൽ നികുതി ഈടാക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതായതിനാൽ സ്ഥിരം ജീവനക്കാർ അല്ലെങ്കിലും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 നിലം ഭൂമിയിലെ നിർമ്മാണം- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ നടപടിക്രമങ്ങൾ പാലിച്ചില്ല

ചീഫ് എക്സിക്യൂട്ടീവ്, ചിന്മയ മിഷൻ എഡ്യൂക്കേഷണൽ & കൾച്ചറൽ ട്രസ്റ്റ്, അമ്പാട്ട് പറമ്പ്, തത്തമംഗലം എന്നവരുടെ ഉടമസ്ഥതയിലുള്ള പെർമിറ്റ് ഇല്ലാതെ നിർമ്മാണം പൂർത്തീകരിച്ച 4130.04 ച.മീ വിസ്തീർണ്ണമുള്ള വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടം (ഗ്രൂപ്പ് ബി ഒക്യുപ്പൻസി) ക്രമവൽക്കരിച്ച് 1/632 എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട് (ഫയൽ നം. എ5/5633/2019 തീയതി 23.10.2019). ചിറ്റൂർ താലൂക്ക്, തത്തമംഗലം വില്ലേജ്, റീ സർവ്വേ ബ്ലോക്ക് നം. 49-ലെ 9 സർവ്വേ നമ്പരുകളിലായാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ആയതിൽ സർവ്വേ നം.38/3 (0.1234 Ha), 37/2 (0.2538 Ha) എന്നിവ നിലം കാറ്റഗറിയിൽ ഉൾപ്പെടുന്നതാണെന്ന് ഡാറ്റാ ബാങ്ക് പരിശോധിച്ചതിൽ കണ്ടെത്തി.

24.03.2021 തീയതിയിൽ എ3-94/10 നമ്പരായി പ്രസിദ്ധീകരിച്ച 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരമുള്ള പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ഡാറ്റാ ബാങ്കിൽ സർവ്വേ നം.38/3, 88-ാം ക്രമ നമ്പരായി ഈ സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവും തുടർന്നുള്ള ഭേദഗതികളും പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട നിലം ഭൂമിയിലെ (Notified) നിർമ്മാണങ്ങൾക്ക് 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. വിജ്ഞാപനം ചെയ്യപ്പെടാത്ത (Unnotified) ഭൂമിയിലെ നിർമ്മാണങ്ങൾ റവന്യൂ ഡിവിഷണൻ ഓഫീസറുടെ അനുമതിയോടുകൂടി മാത്രമേ നടത്താനാവൂ. എന്നാൽ മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നിർമ്മാണം ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കാതെതന്നെ ക്രമവൽക്കരിച്ച് നൽകിയിരിക്കുന്നു.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നമ്പർ 25/24-6-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് നിർദ്ദേശം
ഒക്യുപ്പൻസി അനുവദിച്ച് വസ്തുനികുതി നിർണ്ണയിച്ച് നൽകിയതിലെ നിയമ സാധുത പുനപരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-14 അനധികൃത നിർമ്മാണങ്ങൾ- നിയമാനുസൃത വസ്തുനികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണം സംബന്ധിക്കുന്ന രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ആകെ 92 കെട്ടിടങ്ങൾക്കാണ് ഇതുവരെ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത്. അവയിൽ 39 കെട്ടിടങ്ങൾ ഇതിനോടകം ക്രമവൽക്കരിക്കുകയും 12 കെട്ടിടങ്ങൾ പൊളിച്ചുകളഞ്ഞതായും (Demolished) രേഖപ്പെടുത്തിയിട്ടുണ്ട്. 41 കെട്ടിടങ്ങളാണ് നിലവിൽ അനധികൃതമായി തുടരുന്നത്. അവയിൽ 3 കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ UA ആയി ഉൾപ്പെടുത്തി നികുതി ഈടാക്കി വരുന്നുണ്ട്.

അവശേഷിക്കുന്ന 38 യു.എ നമ്പരുകൾ 29.11.2010-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 9(5) പ്രകാരം നമ്പരുകൾ പുറമ്പോക്ക് ഭൂമിയിലെ കെട്ടിടങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. ടി കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതായോ ക്രമവൽക്കരിച്ചതായോ രേഖപ്പെടുത്തിയിട്ടില്ല.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 08/22.06.2021 -ന് യു.എ നമ്പരുകൾ അനുവദിച്ച 38 കെട്ടിടങ്ങളിൽ മിക്കതും നിലവിൽ ഇല്ലാത്തതാണെന്നും സ്ഥല പരിശോധന നടത്തി കൃത്യമായ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

കെട്ടിടങ്ങൾ നിലവിലും അനധികൃതമായി തുടരുന്ന പക്ഷം 1994 -ലെ വകുപ്പ് കേരള പഞ്ചായത്ത് രാജ് നിയമം 235 W, 235 AA വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റും സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2019-20 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-15-1 ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ കണക്ക് കാലികമാക്കിയിട്ടില്ല

ഡിമാന്റ് രജിസ്റ്റർ പ്രകാരം 16 വാർഡുകളിലായി 168 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. 2019-20 വർഷത്തിൽ 168 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വ്യാപാരികളുടെ എണ്ണം 125 ആണ്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള പല സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ഡിമാന്റ് രജിസ്റ്ററിൽ ഉള്ളതും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ സ്ഥാപനങ്ങൾ

| വാർഡ് / കെട്ടിട നം. | കച്ചവടം നടത്തുന്ന ആളുടെ പേര് | കച്ചവടം |
|---|---|---|
| 5/409 | ശാന്തി.കെ W/O ജയപാലൻ, നല്ലമാടൻചള്ള | അക്ഷയ ക്ലിനിക്കൽ ലാബ് |
| 5/512 | അനിൽ.എസ് S/O സുബ്രഹ്മണ്യൻ, കൈതറവ് | മോട്ടോർ ഡ്രൈവിംഗ് സ്കൂൾ |
| 5/408 | പ്രകാശ് , അമ്പാട്ട് ലൈൻ, ചിറ്റൂർ | മെഡിക്കൽ ഷോപ്പ് |
| 5/402 | പ്രദീപ്.ജി, വണ്ടിത്താവളം | സിൽവർ ബ്രൈറ്റ് ലോൺട്രി |
| 5/513 | ജയൻ.കെ S/O കുഞ്ചു, വണ്ടിത്താവളം | വർക്ക് ഷോപ്പ് |
| 5/116 | കദീജ.എം W/O അബ്ദുൾ ഗഫൂർ | പലചരക്ക് കട |
| 5/398,399 | ജലാലുദ്ദീൻ S/O നൂർ മുഹമ്മദ്, പള്ളിമൊക്ക് | ഫർണ്ണീച്ചർ ഷോപ്പ് |
| 5/591 | ധന്യ.എ D/O ആറുമുഖൻ | ടെക്സ്റ്റൈൽസ് |
| 6/229 | മണികണ്ഠൻ S/O ചാമി, മുതലമട | ഇൻവെർട്ടർ , ബാറ്ററി സർവ്വീസ് സെന്റർ |
| 6/209 | ജയൻ S/O നാരായണൻ, ചുള്ളിമട | ചായക്കട |
| 6/9,10 | നാരായണ സ്വാമി.വി, നല്ലേപ്പിള്ളി | എൻ.എസ് വുഡ് ക്രാഫ്റ്റ്സ് |
| 6/429 | കലാനന്ദൻ S/O സുബ്രഹ്മണ്യൻ, വണ്ടിത്താവളം | പലചരക്ക് കട |
| 6/540 | ജയപ്രകാശ്.എ, എലവഞ്ചേരി | ചായക്കട |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 6/467 | മുത്തു കാസിം S/O നാഗർ റാവുത്തർ, വണ്ടിത്താവളം | സൗണ്ട് & പന്തൽ വർക്സ് |
| 6/13 | മുഹമ്മദ് അബ്ബാസ് S/O അബ്ദുൾ കരീം | ടൂ വീലർ വർക് ഷോപ്പ് |
| 6/13 | രാധാകൃഷ്ണൻ S/O ഗംഗാധരൻ, നന്ദിയോട് | ഓട്ടോ ഇലക്ട്രിക്കൽസ് |

വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യം, വ്യവസായാവശ്യം, ഇതരവ്യവസായം എന്നീ ഗണങ്ങളിൽ പെടുന്ന കെട്ടിടങ്ങളുടെ ആകെ എണ്ണം 590 ആണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

വാർഡ് തലത്തിൽ സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് തയ്യാറാക്കുകയും ആയത് കാലികമാക്കി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-15-2 ലൈസൻസിനായുള്ള അപേക്ഷാ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല

31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2019-20 വർഷം ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും പ്രസ്തുത കോളത്തിൽ മൂലധനലനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല.

അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യം മേലധികാരികൾ ഉറപ്പാക്കേണ്ടതാണ്.

## 1-15-3 ലൈസൻസ് ഫീ ഈടാക്കുന്നതിനായുള്ള തീരുമാനത്തിലെ അവ്യക്തത പരിഹരിക്കേണ്ടതാണ്

ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരം ഏറ്റവും കുറഞ്ഞ മൂലധന നിക്ഷേപമുള്ള മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിൽ പെടുന്ന സ്ഥാപനങ്ങളിൽ നിന്നും (ഉത്പാദന മേഖലയിൽ 25 ലക്ഷം രൂപ വരെയും സേവന മേഖലയിൽ 10 ലക്ഷം രൂപ വരെയും മൂലധന നിക്ഷേപം ഉള്ള സ്ഥാപനങ്ങൾ) ഈടാക്കേണ്ട പരമാവധി ഫീസ് 500 രൂപയാണ്.

ഗ്രാമപഞ്ചായത്തിന്റെ 24-1-2019 ലെ തീരുമാനം നം. 2(2) പ്രകാരം ഭേദഗതി ഉത്തരവിനനുസൃതമായി 2019-20 സാമ്പത്തിക വർഷത്തിൽ വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് 250, 500 എന്നീ രണ്ട തുകകളിൽ നിജപ്പെടുത്തി ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതനുസരിച്ചാണ് മൈക്രോ സംരംഭങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ തീരുമാനത്തിൽ എത്ര രൂപവരെ മൂലധന നിക്ഷേപം ഉള്ളവരിൽ നിന്നാണ് 250 രൂപ ഈടാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടില്ല. 2019-20 വർഷത്തിൽ 104 സ്ഥാപനങ്ങളിൽ നിന്നും 250 രൂപയാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത് എന്നിരിക്കെ ഗ്രാമപഞ്ചായത്തിന്റെ തീരുമാനത്തിൽ മൂലധനനിക്ഷേപം രേഖപ്പെടുത്താതിരുന്നത് അപാകതയായി വിലയിരുത്തുന്നു. ലൈസൻസ് ഫീസ് ഇനത്തിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/23.06.21) ലഭ്യമാക്കിയ മറുപടിയിൽ 29.02.2020 ലെ 11/11 നമ്പർ തീരുമാന പ്രകാരം മൈക്രോ എന്റർപ്രൈസസ് ഉത്പാദന മേഖലയിൽപ്പെട്ട  മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ അധികരിക്കാത്ത ഇതരവ്യവസായ സ്ഥാപനങ്ങൾ, ക്ലലി അരവ് മില്ല് എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് 500 രൂപ ഈടാക്കുന്നതിനും സേവന മേഖലയിലും മറ്റു വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുടെയും മൂലധന നിക്ഷേപം 10 ലക്ഷം രൂപയിൽ അധികരിക്കാത്തവയ്ക്ക് 250 രൂപ ലൈസൻസ് ഫീസ് ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

ഓരോ മേഖലയേയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഉപമേഖലകളായി വിഭജിച്ച് സ്ഥാപനങ്ങൾക്ക് ഉചിതമായ ഫീസ് നിശ്ചയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

## 1-15-4 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2019-20 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നന്ദിയോട് എസ്.സി വനിതാ ഷോപ്പിംഗ് കോംപ്ലക്സിലെ 4 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ലൈസൻസികളിൽ നിന്നും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയിൽ നിന്നും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം. 13/23.06.21) മറുപടിയിൽ ലൈസൻസ് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമാക്കുകയും ഫീൽഡ് പരിശോധനകൾ നടത്തുകയും ചെയ്ത് ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-16 ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - ചട്ടങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 6, 7 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ, അതിനു വേണ്ടിയുള്ള കെട്ടിടമോ, ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും

ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫോറം 1 ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും ഈ ആവശ്യത്തിലേക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്. അപേക്ഷ കിട്ടി 30 ദിവസം അവസാനിക്കുന്നതിനു മുമ്പ് അപേക്ഷയിൻ മേൽ സെക്രട്ടറി അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതും ഉത്തരവ് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനു ശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്. ഫാം ആരംഭിക്കുന്നതിന് ചട്ടം 6 പ്രകാരം അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയ ശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫോറം 2 ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം അപേക്ഷിച്ച പ്രകാരം, ഫോറം 3 ൽ ലൈസൻസ് നൽകുകയോ, കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്.

ചട്ടം 10(2) പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ആറ് മാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തേണ്ടതും തന്റെ പരിശോധനാ റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കും മൃഗ സംരക്ഷണ വകുപ്പിലെ അധികാരപ്പെട്ട ഉദ്യോഗസ്ഥനും നൽകേണ്ടതും, അപ്രകാരം ലഭിക്കുന്ന റിപ്പോർട്ടിൻ മേൽ ആവശ്യമെന്നു കാണുന്ന പക്ഷം ഗ്രാമപഞ്ചായത്ത് തക്കതായ നടപടി സ്വീകരിക്കേണ്ടതുമാണ്.

2019-20 വർഷത്തിൽ 3 കോഴി ഫാമുകൾക്കാണ് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ആയതിൽ കവിത W/O രവിചന്ദ്രൻ, കൊശവൻകോട്, തത്തമംഗലം എന്നവർ കോഴി ഫാം നടത്തുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ടിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന കോഴി ഫാമിൽ നിന്നും ദുർഗന്ധം വമിക്കുന്നുണ്ട് എന്നും തുടർന്നും പ്രവർത്തിക്കുന്ന പക്ഷം പരിസരവാസികൾക്ക് പ്രയാസം ഉണ്ടാവാൻ ഇടയുണ്ടെന്നു കരുതുന്നതുമായി അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പരാതി രജിസ്റ്റർ പ്രകാരം പ്രസ്തുത കോഴി ഫാം വൃത്തിഹീനമായ അന്തരീക്ഷത്തിൽ പരിസര വാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി മുൻ വർഷങ്ങളിലും പൊതുജനങ്ങൾ പരാതികൾ സമർപ്പിച്ചിട്ടുള്ളതായി കണ്ടു. പരാതികളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നല്കുന്നതിനായി ചിറ്റൂർ തഹസിൽദാർ(ഭൂരേഖ) കത്ത് നം. ഡി1- 2019/613/9/200 തീയതി.23.03.2019 പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

20.05.2019 നു നടന്ന ഗ്രാമപഞ്ചായത്തിന്റെ അടിയന്തിര യോഗത്തിലെ 11/11 നമ്പർ തീരുമാന പ്രകാരം പരാതി സംബന്ധിച്ച് യോഗത്തിൽ ചർച്ച ചെയ്തതായും മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഉൾപ്പെടെ രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കുന്നതിന് യോഗം തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. 2019-20 വർഷത്തിൽ എ4-1460/19 നമ്പർ പ്രകാരം ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 14/23.06.2021) നൽകിയ മറുപടിയിൽ പ്രസ്തുത കോഴി ഫാം നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും എല്ലാ ഫാമുകളും 6 മാസത്തിലൊരിക്കൽ പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുമ്പോൾ ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഫാമുകൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-17 ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്യുക എന്നത് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 219A മുതൽ 219X വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും ഗ്രാമപഞ്ചായത്ത് ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങളിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്ന് വിലയിരുത്തുന്നതിനായി വിവിധ രേഖകൾ പരിശോധിക്കുകയും നേരിട്ടും അല്ലാതെയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. സുസ്ഥിര മാലിന്യ സംസ്കരണ സംവിധാനം

ഗ്രാമപഞ്ചായത്തിൽ നിലവിൽ സുസ്ഥിര മാലിന്യ സംസ്കരണത്തിനായി സംവിധാനങ്ങളൊന്നും നിലവിലില്ല. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ജീവനക്കാരുടെ തസ്തിക ഗ്രാമപഞ്ചായത്തിലില്ല. മാലിന്യ സംസ്കരണത്തിനായി സ്ഥലം ഏറ്റെടുക്കുകയോ പ്ലാന്റ് നിർമ്മിക്കുകയോ ചെയ്തിട്ടില്ല. തെരുവുകളിൽ നിന്നും സ്ഥിരമായി മാലിന്യ നീക്കം നടത്തുന്നതിന് ജീവനക്കാരില്ലാത്തതിനാൽ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല.

ബി. ഹരിതകർമ്മസേന

ഹരിത കർമ്മസേന രൂപീകരിച്ചത് 2018 ഒക്ടോബർ മാസത്തിൽ മാത്രമാണ്. ഓരോ വാർഡിൽ നിന്നും 2 പേർ വീതം ആകെ 32 അംഗങ്ങളുള്ള ഒരു ടീമിനെ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഒരു വീട്ടിൽ നിന്ന് 30 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 50 രൂപയും ഈടാക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. യൂസർ ഫീ ഇനത്തിൽ ഈടാക്കുന്ന തുക അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട്. ഹരിതകർമ്മസേന നിലവിൽ പ്ലാസ്റ്റിക് ശേഖരണം ആരംഭിച്ചിട്ടുള്ളതായും താത്കാലിക കെട്ടിടത്തിൽ പ്ലാസ്റ്റിക് സൂക്ഷിക്കുന്നതായും അറിയിച്ചിട്ടുണ്ട്.
സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

സി. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല
സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് ആയതിൽ ഉചിതമായ മാറ്റം വരുത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

2019-20 വർഷത്തിൽ പ്ലാൻ ഫണ്ട് വകയിരുത്തി 8 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് ഗ്രാമപഞ്ചയത്തിന്റെ ശ്മശാന കോമ്പൗണ്ടിൽ എം.സി.എഫ് സ്ഥാപിക്കുന്നതിലേക്ക് പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി തൻവർഷം നടപ്പിലാക്കിയിട്ടില്ല.(നം.209/20). 2020-21 സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതി സ്പിൽ ഓവറായി കൊണ്ടു വന്ന് അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി 463759 രൂപ ചെലവഴിച്ച്

എം.സി.എഫ് കെട്ടിട നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എം.സി.എഫ് സെന്റർ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിടത്തിന്റെ വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടില്ല എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

ഡി. മാലിന്യ സംസ്കരണത്തിനായി അനുവദിച്ച തുക ചെലവഴിച്ചില്ല

2017-18 വർഷം ശുചിത്വ മിഷനിൽ നിന്നും ₹.1200000/- ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിനു വേണ്ടി ലഭിച്ചിട്ടുണ്ട്. ടി തുകയിൽ 122000/-കക്കൂസ് നിർമ്മാണത്തിനായി ചെലവഴിക്കുകയും ബാക്കി തുകയായ 1078000/- രൂപ ചെലഴവിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.(പട്ടഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്,അക്കൗണ്ട് നം.1088) ആയത് നിഷ്ക്രിയമായി തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്.

ഇ. വികേന്ദ്രീകൃത മാലിന്യ സംസ്കരണം

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും തൻവർഷത്തിലോ, മുൻവർഷങ്ങളിലോ ആവിഷ്കരിച്ചിട്ടില്ല. ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സിലോ വർക്കിംഗ് ഗ്രൂപ്പ് മിനിട്സിലോ ഉണ്ടായിട്ടില്ല. തുടർവർഷങ്ങളിൽ അത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

എഫ്. പ്ലാസ്റ്റിക് വേസ്റ്റ് നിയമാവലി വിജ്ഞാപനം ചെയ്യൽ

തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി(പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ) നാളിതുവരെ അംഗീകരിച്ചിട്ടില്ല.

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ബൈലോ തയ്യാറാക്കി 17-06-2021 ന് അംഗീരിച്ചിട്ടുള്ളതായി ഓഡിറ്റ് അന്വേഷത്തിനുള്ള(9/22.6.21) മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ബൈലോ പ്രകാരമുള്ള തുടർനടപടികൾ ഉറപ്പാക്കേണ്ടതാണ്.

എച്ച്. ഓഡിറ്റ് നിർദ്ദേശങ്ങൾ

*സുസ്ഥിര മാലിന്യ സംസ്കരണത്തിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

*വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

*പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് നടപടികളും കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

*വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ്, റിംഗ് കംപോസ്റ്റ് മുതലായവയ്ക്ക് സബ്സിഡി അനുവദിച്ചു കൊണ്ട് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

*സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

വൈദ്യുതി ചാർജ്ജിനത്തിൽ രണ്ട് സെക്ഷനുകളിലും ( വണ്ടിത്താവളം,തത്തമംഗലം ) കൂടി ശരാശരി 1200000 രൂപ പ്രതിമാസം ഒടുക്കുന്നുണ്ട്.

തെരുവു വിളക്കുകളുടെ പരിപാലനത്തിനായി തൻവർഷം രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | ബിൽ നമ്പർ & തീയതി | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 14/20-തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് എൽ.ഇ.ഡി.ലൈറ്റ് വാങ്ങൽ | 1.20/14.11.19-460800<br>2.35/25.1.20=<br>464000 | 924800 |
| 2 | 7/20-ഇലക്ട്രിസിറ്റി ചാർജ്ജ് അടവാക്കൽ | 1.29/14.11.19=130020<br>2.38/25.01.20=111882<br>2.39/15.2.20=124400<br>3.50/23.3.20=136282 | 502584 |

ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനായി സ്വീകരിച്ച പദ്ധതികൾ

തത്തമംഗലം സെക്ഷനിൽ ഒരു അൺമീറ്റേർഡ് കണക്ഷനു കീഴിൽ 86 ഡബിൾ ട്യൂബുകളും 22 വാട്ടിന്റെ 14 സി.എഫ്.എൽ കളും 8 ഓർഡിനറി ലാമ്പുകളും 250 വാട്ടിന്റെ ഒരു സോഡിയം വേപ്പർ ലാമ്പും 15 LED ലാമ്പുകളും നിലവിലുണ്ട്. കൂടാതെ 40 മീറ്റേർഡ് കണക്ഷനുകളും (ലാമ്പുകളുടെ

തരം തിരിച്ചുള്ള വിവരം ലഭ്യമായില്ല) ഉണ്ട്. വണ്ടിത്താവളം സെക്ഷനുകീഴിൽ അൺമീറ്റേർഡ് കണക്ഷനുകളിലായി ഒരു സോഡിയം വേപ്പർ ലാമ്പും, 68 സി.എഫ്.എൽ ലാമ്പുകളും, 9 എൽ.ഇ.ഡി ലാമ്പുകളും, 61 വി.ഡി.എഫ് ലാമ്പുകളും 53 മീറ്റേർഡ് കണക്ഷനുകളും (ലാമ്പുകളുടെ തരം തിരിച്ചുള്ള വിവരം ലഭ്യമായില്ല) ഉണ്ട്. ഇക്കാര്യം കറണ്ട് ചാർജ്ജുകളുടെ ഡിമാന്റ് നോട്ടീസ് പരിശോധനയിലും അസി.എഞ്ചിനിയറിൽ നിന്ന് ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിലൂടെയും ബോധ്യപ്പെട്ടു.

രണ്ട് സെക്ഷനുകളിലും കൂടി 93 മീറ്ററുകൾ സ്ഥാപിച്ച് തെരുവ് വിളക്കുകളെ മീറ്ററിന്റെ കീഴിൽ കൊണ്ടു വന്നിട്ടുണ്ട്. ഊർജ്ജ ഉപഭോഗം കൂടുതലുള്ള സാധാരണ ബൾബുകൾ, ഡബിൾ ട്യൂബ് എന്നിവ മാറ്റി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (27/ 24.6.21 ) മറുപടി ലഭിച്ചിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

- തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
- നിലാവ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്
- തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-19 ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച്</u>

ജല അതോറിറ്റിയുടെ കീഴിലുള്ള 73 പൊതു ടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്നുണ്ട്. ഈ ടാപ്പുകൾക്ക് പ്രതിമാസം 31938 രൂപയാണ് ജല അതോറിറ്റിയിൽ വെള്ളക്കരമായി ഒടുക്കേണ്ടത്. 4/19 മുതൽ 9/19 വരെയുള്ള കാലയളവിൽ വെള്ളക്കരമിനത്തിൽ തനത് ഫണ്ടിൽ നിന്നും 178298/രൂപ ഒടുക്കിയിട്ടുണ്ട്. കൂടാതെ തനതു ഫണ്ടിന്റെ അപര്യാപ്തത നേരിടുന്നതിനാൽ തൻവർഷം ഈ ഇനത്തിൽ ആകെ 157092 രൂപ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നുമാണ് ഒടുക്കിയിട്ടുള്ളത്. (പ്രൊജക്റ്റ് നം. 7/20-എം.ജി-നോൺ റോഡ് ).

പൊതു ടാപ്പുകളുടെ കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലല്ല വെള്ളക്കരം ഒടുക്കി വരുന്നത്. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.
പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 28/24.6.21 ) മറുപടി ലഭിച്ചില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. പൊതുടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനായി ഹൗസ് കണക്ഷനുകൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
2. സ.ഉ (സാധാ) നം. 1275/09 തിയ്യതി 30.5.2009 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, കാര്യക്ഷമമാക്കൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-20 അസാധാരണ ചെലവുകൾ - ചട്ടങ്ങൾ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കേണ്ടതാണ്</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ)ചട്ടങ്ങളിലെ വ്യവസ്ഥകളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ടാണോ തൻവർഷത്തെ അസാധാരണചെലവുകൾ നിർവ്വഹിച്ചിട്ടുള്ളതെന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴ ചേർക്കുന്നു.
<u>തൻവർഷത്തെ അസാധാരണ ചെലവുകളുടെ വിവരം</u>

| ക്രമ നം. | വൗച്ചർ നമ്പർ, തിയതി | ചെലവ് | വിശദാംശം |
|---|---|---|---|
| 1 | 296/20.07.19 | 750 | ശ്മശാനം-ഉദ്ഘാടനം-ബൊക്ക വാങ്ങിയത്. |
| 2 | 297/20.07.19 | 800 | ശ്മശാനം-ഉദ്ഘാടനം-തുണി ബാനർ എഴുതിയത് |
| 3 | 298/25.07.19 | 570 | ശ്മശാനം- ലഘുഭക്ഷണം |
| 4 | 299/25.07.19 | 150 | ശ്മശാനം- കർട്ടൻ വാടക |
| 5 | 300/25.7.19 | 665 | ശ്മശാനം- പന്തൽ മോടി പിടിപ്പിക്കുന്ന സാധനങ്ങൾ വാങ്ങിയ ചെലവ് |
| 6 | 301/25-7-19 | 9800 | ശ്മശാനം- ശില വാങ്ങിയത് |
| 7 | 294/19-7-19 | 2280 | ശ്മശാനം-ബാനർ ചെലവ് |
| 8 | 336/2-8-19 | 35000 | ഗ്യാസ് ക്രിമട്ടോറിയം-ഉദ്ഘാടനം-പന്തൽ, ചെയർ, മൈക്ക്, ആർച്ച് -ചെലവ് (മന്ത്രി പങ്കെടുത്തത് ) |
| 9 | 361/9-8-19 | 660 | ശ്മശാനം--ലഘുഭക്ഷണ ചെലവ് |
| 10 | 499/23-9-19 | 25000 | ബസ് സ്റ്റാന്റ് ഉദ്ഘാടനം |
| 11 | 790/3-1-20 | 7450 | ഇനിയും പുഴ ഒഴുകട്ടെ-ചായ, ലഘുഭക്ഷണ ചെലവ് |
| 12 | 953/25-2-20 | 5000 | കെ.കെ.എം.എച്ച് .എസ്.എസ്. ഗണിതോത്സവം സംഭാവന |
| 13 | 488/7.9.19 | 1848 | ബസ് സ്റ്റാന്റ് - ബാനർ ചാർജ്ജ് |

| | | | |
|---|---|---|---|
| 14 | 335/2.8.19 | 3500 | ഒറവ് അങ്കണവാടി ഉദ്ഘാടനം |
| ആകെ | | 93473 | |

മേൽ സൂചിപ്പിച്ച പ്രകാരം ചെലവ് നിർവ്വഹിക്കുന്നതിനുമുമ്പായി മിച്ച ഫണ്ട് കണക്കാക്കിയിട്ടില്ല എന്ന് കാണുന്നു. ആയതിനാൽ പരിധിയിൽ കവിഞ്ഞ് ചെലവ് നിർവ്വഹിച്ചിട്ടുണ്ടോ എന്ന് വിലയിരുത്താതെയാണ് തുക ചെലവഴിച്ചിട്ടുള്ളതെന്ന് വിലയിരുത്തുന്നു.

28.12.2015 ലെ സ.ഉ(സാധാ)നം.3866/2015/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിന് പരമാവധി 25000/- രൂപയും അല്ലാതെയുള്ള ഉദ്ഘാടനങ്ങൾക്ക് പരമാവധി 10000/- രൂപയും ചെലവഴിക്കാവു എന്നും ഈ പരിധിയിൽ അധികമായി ചെലവഴിക്കുന്ന തുകയ്ക്ക് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ ഉത്തരവാദിയായിരിക്കുമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ മേൽ പട്ടിക ക്രമ നം 8 ൽ സൂചിപ്പിച്ച മന്ത്രി പങ്കെടുത്ത ഗ്യാസ് ക്രിമട്ടോറിയം ഉദ്ഘാടനത്തിന്റെ ചെലവ് മേൽ ഉത്തരവിന് വിരുദ്ധമായതിനാൽ അധികം ചെലവഴിച്ച 10000/- രൂപ ( 5000-25000 ) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ചട്ടം 4 പ്രകാരം മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും അസാധാരണ ചെലവ് നിർവ്വഹിക്കാവുന്നതാണ്. അസാധാരണച്ചെലവ് നിരീക്ഷിക്കുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന ചട്ടം 6 ലെ നിർദ്ദേശവും പാലിച്ചില്ല.

അസാധാരണച്ചെലവുകളുടെ ചെലവ് പരിധി കർശനമായി പാലിക്കേണ്ടതാണെന്നും അധികമായി ചെലവഴിക്കുന്ന തുക ബന്ധപ്പെട്ടവരുടെ ബാധ്യതയായി കണക്കാക്കുന്നതാണെന്നും സർക്കുലർ നം. 451/എഫ്.എം.2/2015/ത.സ്വ.ഭ.വ തിയതി 17-12-2015 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അസാധാരണച്ചെലവുകളുടെ ചെലവ് നിരീക്ഷിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കാത്തതിനും മിച്ച ഫണ്ട് കണക്കാക്കാതെ അസാധാരണ ചെലവ് നിർവ്വഹിച്ചതിനും കാരണം ബോധിപ്പിക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 21/ 23.6.21 ) മറുപടി ലഭിച്ചിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. രേഖകൾ പ്രത്യേകം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
2. അസാധാരണ ചെലവുകൾ നിരീക്ഷിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
3. 28.12.2015 ലെ സ.ഉ(സാധാ)നം.3866/2015/ത.സ്വ.ഭ.വ പ്രകാരം ചെലവുകൾ ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുമാത്രം അസാധാരണച്ചെലവ് നിർവ്വഹിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് റിപ്പോർട്ട് ഖ. 3-1 കൂടി കാണുക)

## <u>1-21 ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങി</u>

2019-20 വർഷത്തിൽ പുതിയ തെരുവു വിളക്കുകൾ വാങ്ങി സ്ഥാപിച്ചത് പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചാണോ എന്ന് പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. പരിശോധനയിലെ കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>1. എൽ.ഇ.ഡി തെരുവു വിളക്കുകൾ വാങ്ങൽ-585 എണ്ണം</u>

പ്രോ.നം.14/20-എൽ.ഇ.ഡി തെരുവു വിളക്കുകൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 1873000 രൂപ (CFC )

ചെലവ് - 924800രൂപ

1. ബിൽ നം. 20/14-11-2019=460800

ഇൻവോയ്സ് നം. CD/19-20/R/21/7-9-2019-144 എണ്ണം

2. ബിൽ നം. 35/25-1-20=464000

ഇൻവോയ്സ് നം. CD/19-20/R/104/27-12-2019-145 എണ്ണം

ആകെ - 289 എണ്ണം.

<u>എ. ലാമ്പുകളുടെ നിരക്ക്</u>

25 വാട്ടിന്റെ 289എൽ.ഇ.ഡി ലാമ്പുകൾ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. 25 വാട്ടിന്റെ ലാമ്പ് ഒന്നിന് 3200 രൂപയുമാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്.

<u>ബി. തീരുമാനങ്ങൾ</u>

വിവിധ തീരുമാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 01-06-2019ലെ തീരുമാനം നം. 8 പ്രകാരം SILK എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാന മെടുത്തിട്ടുണ്ട്.
2. പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ 30-09-2019 ലെ തീരുമാനം നം. 1പ്രകാരം സിൽക്കിൽ നിന്ന് 'ക്രോംപ്റ്റൺ' എന്ന കമ്പനിയുടെ രണ്ട് വർഷത്തെ വാറണ്ടിയുള്ള ലാമ്പുകൾ വാങ്ങുന്നതിനായി തീരുമാനമെടുത്തിട്ടുണ്ട്.
3. പ്രോക്യുർമെന്റ് കമ്മിറ്റിയുടെ തീരുമാനം പഞ്ചായത്ത് അംഗീകരിച്ചിട്ടില്ല.

<u>സി. അക്രഡിറ്റഡ് ഏജൻസികളുടെ ചുമതലകൾ</u>

1. 25-07-2017ലെ സ.ഉ(പി)നം.95/2017/ഫിൻ ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 11 പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILK എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 9 ൽ വ്യക്തമാക്കിയിട്ടുണ്ട്. SILK എന്ന സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കി യിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ SILKന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു.

2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.46, 9.47, 9.48 എന്നിവയിൽ സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചതിനുശേഷം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടറിലെ നിരക്ക് യുക്തിഭദ്രമാണോ (Reasonable) എന്ന് പരിശോധിക്കുവാനും യുക്തിഭദ്ര മല്ലെങ്കിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുമായി മാത്രം വില പേശൽ നടത്തി വില കുറവ് ചെയ്യുവാനും ഉദ്ദേശിച്ച നിരക്കിലേക്ക് കുറവ് ചെയ്യാത്തപക്ഷം പുനർടെണ്ടർ നടത്തേണ്ടതാണെന്ന നിബന്ധനയുമുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത വാങ്ങലുകൾ നേരിട്ടുള്ള വാങ്ങൽ നടത്തിയപ്പോൾ എപ്രകാരമാണ് എൽ.ഇ.ഡി ലാമ്പുകളുടെ വില നിശ്ചയിച്ചതെന്നതിന് രേഖകൾ ഇല്ല. മാത്രമല്ല മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുത്തി സ്ഥാപനത്തിന്റെ യുക്തിഭദ്രത ഉറപ്പാക്കിയിട്ടുമില്ല. നിരക്കിന്റെ യുക്തിഭദ്രത ഉറപ്പാക്കാതിരുന്നതിനാൽ ധനനഷ്ടം ഉണ്ടായിട്ടുള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു.

ഡി) ആസൂത്രണം, നിർവ്വഹണം

അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. മേൽ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് സിൽക്കിൽ നിന്നും എൽ.ഇ.ഡി ലാമ്പുകൾനേരിട്ട് വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ടിനനുസരിച്ചാണ് തുടർന്നുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളത്.

ആസൂത്രണത്തിലെ പാളിച്ചയാണ് നിർവ്വഹണത്തിലെ വീഴ്ചക്ക് കാരണമായിട്ടുള്ളത്. പ്രോജക്ടിന്റെ അംഗീകാരത്തിനു മുമ്പായി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനോ പ്രോജക്ടിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല. നിർവ്വഹണം നടത്തുന്നതിനു മുമ്പായി നിർവ്വഹണ ഉദ്യോഗസ്ഥനും കൃത്യത ഉറപ്പാക്കിയിട്ടില്ല.

ഇ) സപ്ലൈ ചെയ്തതിന്റെ വിവരം

പ്രസ്തുത സ്ഥാപനത്തിൽ നിന്നും 25 വാട്ട് ലാമ്പുകൾ വാങ്ങിയിട്ടുള്ളത് 3200 രൂപ നിരക്കിലാണ്. തൻവർഷത്തിൽ മേൽ സൂചിപ്പിച്ച രണ്ടു ബില്ലുകളിൽ നിന്നായി ആകെ 289 LED ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്. ടെണ്ടർ കൂടാതെ ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിനു മുമ്പായി SILK മായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതായോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ചെയ്യാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി സ്പിൽ ഓവറായി കൊണ്ടു വരികയും ഇതേ സ്ഥാപനത്തിൽ നിന്നും എൽ.ഇ.ഡി ലാമ്പുകൾ വാങ്ങി വിവിധ വാർഡുകളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ലാമ്പുകൾ സ്ഥാപിച്ചതിന് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.
എഫ് ) എഗ്രിമെന്റ്

ലാമ്പുകൾക്ക് രണ്ടു വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്യുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് നം.6/19-20/04-06-2019.
(ഓഡിറ്റ് അന്വേഷണം നം.6/22.6.21) .

ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും
1. അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് അക്രഡിറ്റേഷൻ ഉത്തരവിനു വിരുദ്ധമായി സാധനങ്ങൾ നേരിട്ട് വിതരണം ചെയ്തത് ക്രമപ്രകാരമല്ല. സ്ഥാപനത്തിന്റെ അർഹത പരിശോധിക്കാതിരുന്നതും സ്ഥാപനം ഓഫർ ചെയ്ത നിരക്കിന്റെ യുക്തിഭദ്രത വിലയിരുത്താതിരുന്നതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയാണ്. ആയത് ആവർത്തിക്കാതിരിക്കേണ്ടതാണ്.

2. വാങ്ങലുകളിൽ സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.

3 25,000 രൂപക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace(GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. തുടർന്നുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്.
4. തുടർ വർഷങ്ങളിൽ നിലാവ് പോലുള്ള പദ്ധതികളുടെ സാധ്യതകൾ കൂടി പരിഗണിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 എസ്.സി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വിതരണം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ആകെ ചെലവ്-479200 (269550+209650)

| ക്രമ നം. | പ്രോജക്ട് നം | അടങ്കൽ | ചെലവ്/ ബിൽ നമ്പരും തിയ്യതിയും | ഇൻവോയ്സ് നം | ലഭിച്ച കമ്പ്യൂട്ടറുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 119/20-എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ് | 210000 | 2/18.5.19 =209650 | B2C/343/ 15.2.19 | 7 |
| 2 | 120/20-എസ്.സി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ് | 210000 | 1/16.5.19 | B2C/342/ 15.2.19 | 9 |

| | | | | =269550 | | |
|---|---|---|---|---|---|---|

സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ലാപ് ടോപ് വിതരണം എന്ന പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കറവ് തുക ക്വാട്ട് ചെയ്ത THEMES COMPUTERS, CHITTUR എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ഒരു കമ്പ്യൂട്ടറിന് 29950/-രൂപ നിരക്കിലുള്ള ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ആകെ 16 കമ്പ്യൂട്ടറുകളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ടെണ്ടർ പ്രകാരം ഗ്രാമപഞ്ചായത്ത് വിതരണത്തിനായി വാങ്ങിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ പ്രകാരം 15 ലാപ്ടോപ്പുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഒരെണ്ണം നാളിതുവരെയായും വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

<u>പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ</u>

അംഗീകരിച്ച ടെണ്ടർ പ്രകാരം ACER/LENOVA MODEL 4415/CORE I3/AMD-A8/A10 Or Above സ്പെസിഫിക്കേഷനോടുകൂടിയ കമ്പ്യൂട്ടറുകളാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ വിതരണത്തിനായി ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയത് DELL VOSTRO LAP 3568 (DC/4/IT/15.6"/LNX എന്ന കമ്പനിയുടെ 16 ലാപ്ടോപ്പുകളും LAP CARRY CASE കളുമാണ്. ഇൻവോയ്സിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ലാപ്ടോപ്പ് ഭൗതിക പരിശോധനയ്ക്ക് ( 23.6.21 ന് ) വിധേയമാക്കി ബോധ്യപ്പെട്ടിട്ടുണ്ട്.

ടെണ്ടറിൽ അംഗീകരിച്ച ബ്രാന്റിനു പകരം മറ്റൊരു ബ്രാന്റ് ലാപ്ടോപ്പ് വിതരണം ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നും രേഖകൾ പരിശോധിച്ച് ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കുന്നതിനു മുമ്പായി ലാപ്ടോപ്പുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മാർക്കറ്റിൽ വില കൂടിയ ഡെൽ ഐ.കെ.എം പരിശോധിച്ചാണ് വിതരണം ചെയ്തതെന്ന് ബോധിപ്പിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കുന്നതിലുണ്ടായ കാലതാമസം, തെരഞ്ഞെടുപ്പുകൾ, കോവിഡ് തുടങ്ങിയ കാരണങ്ങളും ലാപ്ടോപ്പ് വിതരണത്തിൽ കാലതാമസം ഉണ്ടാകുന്നതിനിടയാക്കിയതായും അറിയിച്ചിട്ടുണ്ട്. എന്നാൽ 5/2019 ൽ നടത്തിയ പർച്ചേസിനുശേഷം വളരെ നാളുകൾ കഴിഞ്ഞാണ് മേൽ സൂചിപ്പിച്ച് പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് വിലയിരുത്തുന്നു. ഒരു ലാപ്ടോപ്പ് രണ്ടു വർഷങ്ങൾക്കുശേഷവും മറ്റൊരു ഗുണഭോക്താവിനെ കണ്ടെത്തി വിതരണം ചെയ്തിട്ടില്ല എന്നത് എസ്.സി ഫണ്ട് വിനിയോഗത്തിൽ ജാഗ്രത പാലിക്കാത്തതിന് ഉദാഹരണമായി വിലയിരുത്തുന്നു.
രണ്ടു വർഷങ്ങൾക്കുമുമ്പ് ആവിഷ്കരിച്ച പദ്ധതി പ്രകാരം വാങ്ങിയ ലാപ്ടോപ്പിൽ വിതരണം ചെയ്യാത്ത ലാപ്ടോപ്പിന്റെ വിലയായ 29950 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. സർക്കാരിന്റെ പ്രത്യേകാനുമതിയോടെ ലാപ്ടോപ്പ് മറ്റൊരു ഗുണഭോക്താവിന് വിതരണം ചെയ്യുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.
ഭാവിയിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Cprcs (Centralised Procurement Rate Contract System) മുഖേന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
എസ്.സി ഫണ്ടിന്റെ വിനിയോഗത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഖ.3-2 കൂടി കാണുക)

## <u>1-23 ഏ.ബി.സി.പദ്ധതിക്കായി ജില്ലാ പഞ്ചായത്തിലേക്ക് നല്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്</u>

നിർവ്വഹണം-സെക്രട്ടറി
തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ ₹.3,50,000 രൂപ വെറ്ററിനറി സർജ്ജൻ കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ | ചെലവ് | ബിൽ നമ്പരും തുകയും | അക്കൗണ്ട് നമ്പർ | വിനിയോഗ വിവരം ലഭിക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | 26/20-ഏ.ബി.സി . പദ്ധതി ഗ്രാമപഞ്ചായത്ത് വിഹിതം | 350000 | 350000 | 11/25.9.19 =350000 | 799011400002200 | 350000 |

ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാ പഞ്ചായത്ത് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഈ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്തിലെ 233 നായ്ക്കളെയെങ്കിലും വന്ധ്യംകരിക്കേണ്ടതാണ്. <u>ഗ്രാമപഞ്ചായത്ത് നൽകിയ വിഹിതം അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടന്നിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്റെ രേഖകൾ ലഭ്യമായില്ല. ആയതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്നും പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ നടത്തിയ എ.ബി.സി പ്രോഗ്രാമിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.</u>
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിന്( നം. 3/18.6.21) മറുപടി ലഭിച്ചിട്ടില്ല.
<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>
എ.ബി.സി പ്രോഗ്രാം അനുസരിച്ചുള്ള ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
ജില്ലാ പഞ്ചായത്തിനു നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## <u>1-24 ഡെപ്പോസിറ്റ് വർക്കുകൾ തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല</u>

താഴെ സൂചിപ്പിക്കുന്ന ഡെപ്പോസിറ്റ് വർക്കുകൾക്കായി കെ.എസ്.ഇ.ബി.യ്ക്ക് തൻവർഷം അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണം-സെക്രട്ടറി

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ | ചെലവ് | ബിൽ നമ്പരും തുകയും | നിർവ്വഹണ ഏജൻസി | വിനിയോഗ വിവരം ലഭിക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | 135/20-വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 458722 | 458722 | 1.6/9.7.20 =457262 | എ.ഇ,കെ.എസ്.ഇ.ബി, വണ്ടിത്താവളം | 458722 |
| 2 | 11/20-സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | 150000 | 150000 | 1.43/28.2.20 =137373 | ടി | 137373 |
| 3. | 34/20-ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ | 1000000 | 890771 | 1.64/30.3.20 =75565 | എ.ഇ,കെ.എസ്.ഇ.ബി, വടവന്നൂർ | 75565 |
| | | | | 1.65/30.3.20 =417935 | എ.ഇ, കെ.എസ്.ഇ.ബി, വണ്ടിത്താവളം | 417935 |
| 4 | 6/20-ഇലക്ട്രിക്കൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 100000 | 66214 | 1.42/28.2.20 =42319 | ടി | 42319 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണം നാളിതുവരെ ഉറപ്പാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഡെപ്പോസിറ്റ് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ മോണിറ്ററിംഗ് കർശനമാക്കേണ്ടതാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷത്തിന് ( 3/18.6.21 ) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ തുക വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.
വിനിയോഗ രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 കേരള ജല അതോരിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിശദാംശങ്ങൾ

താഴെ സൂചിപ്പിക്കുന്ന ഡെപ്പോസിറ്റ് വർക്കുകൾക്കായി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് തൻവർഷം അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണം-സെക്രട്ടറി

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ | ചെലവ് | ബിൽ നമ്പരും തുകയും | വിനിയോഗ വിവരം ലഭിക്കേണ്ട തുക |
|---|---|---|---|---|---|
| 1 | 12/20-വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 609000 | 414000 | 1.46/23.3.20=414000 | 414000 |
| 2 | 229/20-കാഞ്ഞിരകളമ്പ് അമ്പലപറമ്പ് കുടിവെള്ള പദ്ധതി | 411000 | 411000 | 1.48/23.3.20=411000 | 411000 |
| 3 | 236/20-മുട്ടിച്ചിറ കുടിവെള്ള പദ്ധതി | 100000 | 100000 | 47/23.3.20=100000 | 100000 |
| 4 | 237/20-പുത്തൻകുടി കുടിവെള്ള പദ്ധതി | 125000 | 125000 | 45/23.3.20=125000 | 125000 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണം നാളിതുവരെ ഉറപ്പാക്കിയിട്ടില്ല.ഓഡിറ്റ് അന്വേഷണത്തിന് ( 3/18.6.21) ലഭിച്ച മറുപടിയിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഡെപ്പോസിറ്റ് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ മോണിറ്ററിംഗ് കർശനമാക്കേണ്ടതാണ്.

വിനിയോഗ രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 മൃഗസംരക്ഷണ മേഖലയിലെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്

2019-20 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി മൃഗസംരക്ഷണ മേഖലയിൽ 3 പ്രോജക്ടുകൾക്കാണ് തുക

വകയിരുത്തിയിട്ടുള്ളത്. ആയതിൽ 2 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. നടപ്പാക്കിയ പ്രോജക്ടുകളിലും വകയിരുത്തിയ തുകയുടെ വളരെ ചെറിയ ഒരു ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മുട്ട, പാൽ തുടങ്ങിയവയുടെ ഉത്പാദനം വർദ്ധിപ്പിച്ച് തൊഴിൽ/വരുമാന മാർഗം കണ്ടെത്തുന്നതിന് ഗുണഭോക്താക്കളെ പ്രാപ്തരാക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കാതെ പോയതിനാൽ ഫലപ്രാപ്തിയിലെത്തിയില്ല. കൃത്യമായി ആസൂത്രണം ചെയ്ത് സമയബന്ധിതമായി പ്രോജക്ടുകളുടെ നിർവ്വഹണം നടത്താതിരുന്നത് പോരായ്മയായി വിലയിരുത്തുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| 46/20 | വനിതകൾക്ക് മുട്ടക്കോഴി വിതരണം | 540100 (വികസന ഫണ്ട് ജനറൽ- 269550, തനത് ഫണ്ട് - 500, ഗുണഭോക്തൃ വിഹിതം- 270050) | 46750 | 8.6 |
| 60/20 | എസ്.സി വനിതകൾക്ക് മുട്ടക്കോഴി വിതരണം | 267300<br>(വികസന ഫണ്ട് എസ്.സി.പി- 200000, തനത് ഫണ്ട് - 475, ഗുണഭോക്തൃ വിഹിതം- 66825) | 51150 | 19.1 |
| 248/20 | എസ്.സി വനിതകൾക്ക് കറവപ്പശു വിതരണം | 2000000<br>(വികസന ഫണ്ട് എസ്.സി.പി - 1500000, ഗുണഭോക്തൃ വിഹിതം- 500000) | 0 | 0 |

നടപ്പിലാക്കിയ 2 പ്രോജക്ടുകളിലും വകയിരുത്തിയ തുകയുടെ 15% പോലും ചെലവഴിച്ചിട്ടില്ല.
ഏറ്റവും കൂടുതൽ ഫണ്ട് വകയിരുത്തിയിട്ടുള്ള 'എസ്.സി വനിതകൾക്ക് കറവപ്പശു വിതരണം' എന്ന പ്രോജക്ട് നടപ്പാക്കിയിട്ടില്ല. 2019-20 ലെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 02.10.2018 തീയതിയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനങ്ങളിൽ കറവപ്പശു വിതരണം എന്ന പദ്ധതി ഉൾപ്പെടുത്തുന്നതിനുള്ള ശുപാർശയും 20.02.2019 ലെ യോഗ തീരുമാനത്തിൽ ഗുണഭോക്തൃ അപേക്ഷകൾ പരിശോധിച്ചതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ഗുണഭോക്തൃ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് ലഭ്യമായതിന്റെ വിവരവും അപേക്ഷകർ ഉണ്ടായിരുന്നിട്ടും 2000000/- രൂപ വകയിരുത്തിയ പ്രസ്തുത പദ്ധതി തൻവർഷം നടപ്പാക്കാതിരുന്നതിന് വിശദീകരണവും ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (നം. 5/21.06.2021) നൽകിയെങ്കിലും ഇതു സംബന്ധിച്ച മറുപടി ലഭ്യമായില്ല.

വരും വർഷങ്ങളിൽ കൃത്യമായ ആസൂത്രണത്തിലൂടെയും സമയബന്ധിതമായി നടപ്പാക്കുന്നതിലൂടെയും പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. സുഭിക്ഷകേരളം പോലുള്ള പദ്ധതികളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി ഗുണഭോക്താക്കൾക്ക് പരമാവധി സഹായം നൽകേണ്ടതാണ്.
ഈ വിഷയത്തിൽ വിശദമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ 031/20-ലൈഫ് മിഷൻ- ഭൂമിയുള്ളവർക്ക് ഭവനം (എസ് സി പി ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ-2
പദ്ധതിയുടെ വാച്ച് രജിസ്ററർ അനുസരിച്ച് ആനുകൂല്യം കൈപ്പറ്റിയ താഴെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ ഇതു വരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | പേര്, വിലാസം | നല്കിയ തുക | നല്കാനുള്ള തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഇന്ദിര, W/O. രാമൻകുട്ടി, കിഴക്കേകളം, തത്തമംഗലം | 3,00,000 | 1,00,000 | മേൽക്കൂര വാർപ്പ് പൂർത്തിയാക്കി |
| 2 | സുമ, W/O ശശി, മാങ്ങോട് | 3,10,000 | 90,000 | റൂഫ് വാർത്തിട്ടില്ല. |
| 3 | രാധ, W/O മോഹനൻ ഇടയൻകുളമ്പ് | 2,00,000 | 2,00,000 | മെയിൻ വാർപ്പ് പൂർത്തിയാക്കി |
| 4 | ഓമന, W/0 കൃഷ്ണൻകുട്ടി, പാലക്കൊളമ്പ്, വണ്ടിത്താവളം | 2,00,000 | 2,00,000 | മെയിൻ വാർപ്പ് പൂർത്തിയാക്കി |

ധനസഹായം കൈപറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവനനിർമാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും, തുടർനടപടികളും ഉറപ്പാക്കേണ്ടതാണ്.
മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 റിവോൾവിംഗ് ഫണ്ട് നല്കിയ കുടുംബശ്രീ യൂണിറ്റുകളുടെ തുടർപ്രവർത്തനം ഉറപ്പാക്കേണ്ടതാണ്

പ്രോജക്റ്റ് -040/20-കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്

അടങ്കൽ- 2,00,000 ( വികസന ഫണ്ട്, SCP)

ചെലവ് - 1,20,000 ( വികസന ഫണ്ട്, SCP)
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ-1

2019-2020 വർഷത്തിലെ പദ്ധതിയിലൂടെ ഒരു കുടുംബശ്രീ യൂണിറ്റിന് 10000 രൂപ എന്ന നിരക്കിൽ ആകെ 12 യൂണിറ്റുകൾക്ക് 120000 രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കുടുംബശ്രീ യൂണിറ്റിന്റെ പേര് | നല്കിയ തുക |
|---|---|---|
| 1 | നിത്യാനന്ദ കുടുംബശ്രീ | 10000 |
| 2 | ഗണശ്രീ കുടുംബശ്രീ | 10000 |
| 3 | സംഗമം കുടുംബശ്രീ | 10000 |
| 4 | ഉച്ചമഹാകാളിയമ്മൻ അയൽക്കൂട്ടം | 10000 |
| 5 | സമൃദ്ധി കുടുംബശ്രീ | 10000 |
| 6 | മഹാദേവി കുടുംബശ്രീ | 10000 |
| 7 | ചിത്രാഞ്ജലി അയൽക്കൂട്ടം | 10000 |
| 8 | ശ്രീദുർഗ കുടുംബശ്രീ | 10000 |
| 9 | അക്ഷരദീപം അയൽക്കൂട്ടം | 10000 |
| 10 | പൗർണമി കുടുംബശ്രീ | 10000 |
| 11 | ഉജ്ജ്വല കുടുംബശ്രീ | 10000 |
| 12 | ഈശ്വരകൃപ അയൽക്കൂട്ടം | 10000 |
| | ആകെ | 1,20,000 |

റിവോൾവിംഗ് ഫണ്ട് കൈപ്പറ്റുന്ന വേളയിൽ ഗ്രൂപ്പുകൾ എഗ്രിമെന്റ് സമർപ്പിച്ചിട്ടുണ്ട്. എഗ്രിമെന്റിൽ റിവോൾവിങ്ങ് ഫണ്ട് തുക ഉപയോഗിച്ച് അയൽക്കൂട്ട അംഗങ്ങൾക്ക് വായ്പ നല്കി വരുമാനദായക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണെന്നും 10 വർഷക്കാലം വരെ ടി സംഖ്യ അംഗങ്ങൾക്ക് വീതിച്ച് കൊടുക്കുവാനോ കഴിയുന്നതല്ല എന്നും , അയൽക്കൂട്ടം പിരിച്ചുവിടുന്ന പക്ഷം ടി സംഖ്യ CDS ലേക്ക് തങ്ങൾക്ക് ലഭിച്ച തുക തിരിച്ചടവാക്കേണ്ടതാണ് എന്നും വ്യവസ്ഥയുണ്ട്. തുക ലഭ്യമായ ഗ്രൂപ്പുകൾ ഇപ്പോഴും സജീവമാണോ എന്നറിയുന്നതിനും ഇവർ നടത്തുന്ന തൊഴിൽ സംരംഭങ്ങളെക്കുറിച്ചും നല്കിയ എൻക്വയറിയ്ക്ക് (11/23-6-2021) എല്ലാ ഗ്രൂപ്പുകൾ സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട് എന്ന് മറുപടി ലഭിച്ചു.

റിവോൾവിംഗ് ഫണ്ട് ലഭിച്ച ഗ്രൂപ്പുകൾ എഗ്രിമെന്റ് വ്യവസ്ഥകൾ തുടർന്നും പാലിക്കുന്നുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

## 1-29 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുകയുണ്ടായി. ഇതോടൊപ്പം തന്നെ ഇക്കാര്യങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ട് ഐ സി ഡി എസ് സൂപ്പർവൈസർക്ക് എൻക്വയറി നല്കുകയും ആയതിന് മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ വിവരം

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 27 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 22 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 5 |
| 4 | കെട്ടിടത്തിന്റെ തരം-കോൺക്രീറ്റ് | 14 |
| | കെട്ടിടത്തിന്റെ തരം-ഓടിട്ടത് | 8 |
| 5 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 4 |
| 6 | ചുറ്റുമതിൽ ഇല്ലാത്തവ | 4 |
| 7 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 3 |
| 8 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 2 |
| 9 | വയറിംഗ് കഴിഞ്ഞിട്ടും വൈദ്യുതീകരിക്കാത്തത് | 3 |
| 10 | ധാന്യസംഭരണി ഇല്ലാത്തവ | 1 |
| 11 | കളിപ്പാട്ടങ്ങൾ ഇല്ലാത്തവ | -- |
| 12 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവ | -- |
| 13 | ടോയ് ലെറ്റ് ഇല്ലാത്തവ | 2 |
| 15 | ഫാൻ ഇല്ലാത്തവ | 2 |

2019-2020 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് ഐ.സി.ഡി.എസ് ന കീഴിലുള്ള പദ്ധതികൾക്കായി 812473 രൂപ കേന്ദ്ര വിഹിതം ചെലവഴിക്കാൻ ബാക്കിയുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2010/ത.സ്വ.ഭ.വ തിയതി 3-9-2010 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്.

2019-2020 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള ആവശ്യം നിരന്തരം ഉയർന്നുവന്നതായി വ്യക്തമായി. അങ്കണവാടികൾക്ക് കെട്ടിടം, ചുറ്റുമതിൽ, ടോയ്ലെറ്റ് എന്നിവയാണ് പ്രധാന ആവശ്യങ്ങൾ. കേന്ദ്ര വിഹിതത്തിലെ നീക്കിയിരിപ്പിൽ നിന്നുള്ള

തുക ഉപയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. ലഭ്യമായ ഫണ്ട് കൃത്യമായി ആസൂത്രണം ചെയ്ത് ഉപയോഗിച്ച് അങ്കണവാടികളുടെ വികസനം ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്ററിനെ അറിയിക്കേണ്ടതാണ്.

## 1-30 വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി - വാങ്ങൽ നടപടി ക്രമപ്രകാരമല്ല

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തിയതി 14.2.2018 ഖ. 7.1.13 അനുസരിച്ച് നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതും പരമാവധി ₹4350 ൽ അധികരിക്കാത്തതുമായ നിരക്കിൽ വൃദ്ധർക്ക് കട്ടിൽ വാങ്ങി നല്കാവുന്നതാണ്. പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2019-20 വൃദ്ധർക്ക് കട്ടിൽ എന്ന പേരിൽ ഐ.സി.ഡി.എസ് സീപ്പർവൈസർ നടപ്പാക്കിയ മൂന്ന് പദ്ധതികൾ 2018-19ൽ ആവിഷ്കരിച്ചവയാണ്. മൂന്നു പ്രോജക്ടിലും കട്ടിലിന്റെ സമാഹരണ രീതി പൊതു മാർക്കറ്റിൽ നിന്നും ക്വട്ടേഷൻ/ടെണ്ടർ മുഖേന എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി വികസന ഫണ്ടിൽ നിന്നും ആകെ 1243801 രൂപ ചെലവഴിച്ച് KADCO എന്ന സ്ഥാപനത്തിൽ നിന്നും 3686 നിരക്കിൽ നേരിട്ട് കട്ടിലുകൾ വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. ചെലവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | കട്ടിലിന്റെ എണ്ണം |
|---|---|---|---|---|
| 1 | 121/20-വൃദ്ധർക്ക് കട്ടിൽ വിതരണം (TSP) | 65250 | 65242<br>ബിൽ നം-3/21.5.19<br>KADCO ഇൻവോയ്സ് -810/19.3.2019 | 15 |
| 2 | 122/20-വൃദ്ധർക്ക് കട്ടിൽ വിതരണം (SCP) | 814000 | 695917<br>ബിൽ നം-2/21.5.19<br>KADCO ഇൻവോയ്സ് -808/19.3.2019 | 160 |
| 3 | 123/20-വൃദ്ധർക്ക് കട്ടിൽ വിതരണം (General) | 490008 | 487142<br>ബിൽ നം-4/21.5.19<br>KADCO ഇൻവോയ്സ് -809/19.3.2019 | 112 |

പർച്ചേസ് കമ്മിറ്റി താഴെ പറയും പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്.
5.2.2019ലെ തീരുമാനം നം. 7: ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന പദ്ധതി നം. 116, 118, 120 – വൃദ്ധർക്ക് കട്ടിൽ വിതരണം സർക്കാർ ഉത്തരവു പ്രകാരം നേരിട്ട് വാങ്ങാവുന്ന സ്ഥാപനമായ KADCo യിൽ നിന്നും വാങ്ങുന്ന നടപടി യോഗം അംഗീകരിച്ചു.
ഇത് ഭരണസമിതി 12.2.2019ലെ 2-2 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.
സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 3.10.2018 ലെ GO(Rt)No.42/2018/SPD നമ്പർ ഉത്തരവാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. നേരിട്ട് കട്ടിൽ വാങ്ങുന്നതിന് ആസ്പദമായ ഉത്തരവ് സ്റ്റീൽ ഫർണീച്ചർ ടെണ്ടർ കൂടാതെ KADCO യിൽ നിന്നും നേരിട്ട് വാങ്ങുന്നതിനുള്ള റേറ്റ് കോൺട്രാക്ടുമായി ബന്ധപ്പെട്ടതാണ്. സ.ഉ(ആർടി)നം.59/2017/SPD തിയതി 20-10-2017 ലാണ് റേറ്റ് കോൺട്രാക്ട് ഉള്ള ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഇനങ്ങളുടെ കാലാവധി 3.10.2018 ലെ ഉത്തരവു പ്രകാരം 20.10.2018 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഉത്തരവിലെ അവസാന ഖണ്ഡികയിൽ SPD യുടെ Price List ൽ ഉൾപ്പെടാത്തതായ വസ്തുക്കൾ വാങ്ങുന്നതിന് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ച് വാങ്ങാനും നിർദേശമുണ്ട്. പദ്ധതി പ്രകാരം വാങ്ങേണ്ട 8 Mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച മരത്തടിയിൽ/സ്റ്റീലിൽ പണിത 198*90*60 സെ.മീ അളവിലുള്ള കട്ടിലിന് KADCO യ്ക്ക് റേറ്റ് കോൺട്രാക്ട് നിലവിലില്ല. റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകൾ കാഡ്കോയിൽ നിന്നും നേരിട്ടു വാങ്ങാവുന്നതാണെന്ന സർക്കാർ ഉത്തരവും ലഭ്യമാക്കിയിട്ടില്ല.
അർഹതയില്ലാത്ത സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങളുടെ ലംഘനമായി വിലയിരുത്തുന്നു.
വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യത, മത്സരം, മിതവ്യയത്വം, കാര്യക്ഷമത എന്നിവ ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>
വാങ്ങലുകളിൽ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.
മേൽ സൂചിപ്പിച്ച് വാങ്ങലിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെങ്കിലും സ്ഥാപനങ്ങളുടെ അർഹത പരിഗണിച്ച മാത്രം നേരിട്ടുള്ള വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കണം

<u>മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കണം</u>

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 137 മരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭ്യമാക്കിയതെങ്കിലും 36 പ്രവൃത്തികൾക്കുള്ള തുക മാത്രമാണ് തൻവർഷം ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 4.83 കോടി രൂപയിൽ 1.03 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. കേവലം 21% മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്കായുള്ള തൻവർഷത്തെ ചെലവ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2/2020, 3/2020 മാസങ്ങളിൽ ട്രഷറിയിൽ സമർപ്പിച്ച 50 ലക്ഷം രൂപയിൽ അധികം മൂല്യം വരുന്ന 22 ബില്ലുകൾ ട്രഷറിയിൽ നിന്നും മാറാതിരുന്നതിനാൽ ക്യൂ ബില്ലുകളായി മാറിയിട്ടുണ്ട്. തൻവർഷത്തെ ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവുണ്ടാകുവാനുള്ള പ്രധാന കാരണം ഇതാണ്. 101 പ്രോജക്ടുകൾ സ്പിൽ ഓവറാവുകയും അടുത്ത വർഷത്തെ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

2019-20 വർഷത്തെ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളുടേയും ടെണ്ടർ നടപടികൾ സെപ്റ്റംബർ മാസത്തിൽ പൂർത്തീകരിച്ചുവെങ്കിലും ഭൂരിഭാഗം ബില്ലുകളും സാമ്പത്തിക വർഷാവസാനത്തിലാണ് ട്രഷറിയിൽ സമർപ്പിച്ചത്. ആയത് ക്യൂ ബില്ലുകളുടെ ആധിക്യത്തിനിടയാക്കിയിട്ടുണ്ട്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.
ഓഡിറ്റ് അന്വേഷണം നം. 15/23-6-21 നുള്ള മറുപടിയിൽ ഓഡിറ്റ് ചൂണ്ടികാണിച്ച അപാകങ്ങൾ ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. വികസന സ്റ്റാന്റിംഗ് കമ്മിറ്റി, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്.
4. മരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നുണ്ടെന്നും പ്രവൃത്തികൾ എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം പൂർത്തീ കരിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## <u>1-32 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കണം</u>

അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

റോഡ് കോൺക്രീറ്റിംഗ് - 1

റോഡ് ഫോർമേഷൻ - -

റോഡ് ടാറിംഗ് - 1

റോഡ് ഇന്റർലോക്ക് - 1

അരിക് സംരക്ഷണം - 6

റോഡ് നവീകരണം - 17

കെട്ടിട നവീകരണം - 4

ചുറ്റുമതിൽ -1

കുടിവെള്ളം, പൈപ്പ്ലൈൻ - 3

ഡ്രൈനേജ് - -

ഇലക്ട്രിഫിക്കേഷൻ - -

വാഹന വാടക – 2

ആകെ - 36

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. എഗ്രിമെന്റിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ കേരള PWD മാന്വലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. എഗ്രിമെന്റ് രജിസ്റ്ററിൽ പി.എ.സി, സെക്യൂരിറ്റി, കരാർ അവസാനിക്കുന്ന തിയതി എന്നിവ ഉൾപ്പെടെ വിവിധ കോളങ്ങളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

3. മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല.

4. റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്.
ഓഡിറ്റ് അന്വേഷണം നം. 15/23-6-21 നുള്ള മറുപടിയിൽ ഓഡിറ്റ് ചൂണ്ടികാണിച്ച അപാകങ്ങൾ ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികൾക്കാവശ്യമായ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം ഉറപ്പാക്കേണ്ടതാണ്.

## <u>1-33 PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി</u>

2012 ലെ കേരള പി.ഡബ്ല്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല.

ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. വ്യക്തമായ കാരണം കാണിച്ചുകൊണ്ടുള്ള അപേക്ഷ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

കാലാവധി ദീർഘിപ്പിക്കുന്നതിനായി താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| [illegible] | [illegible] |

| | |
|---|---|
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 18/19-അമ്പാട്ടുപറമ്പ് മേലേകുച്ചമ്പ റോഡ് പുനരുദ്ധാരണം<br>അടങ്കൽ - 280000<br>PAC- 270792<br>കരാറുകാരൻ - ശ്രീ.എം.മുരളീധരൻ<br>എഗ്രിമെന്റ് നം.:19/21-8-2018<br>അളവു പുസ്തകം - 105/18-19<br>ചെലവ് - 280000<br>(ബിൽ നം.1/29-4-19) | 20-1-2019 | 19-3-2019 | 1715 | 8123<br>(3%) | 6408 |
| 2 | 100/19-പാലോട് മാടശ്ശേരി റോഡ് പുനരുദ്ധാരണം<br>അടങ്കൽ - 360000<br>PAC-347431<br>കരാറുകാരൻ - ശ്രീ.ടി.എ.മോഹൻദാസ്<br>എഗ്രിമെന്റ് നം.:47/3-9-2018<br>അളവു പുസ്തകം - 113/18-19<br>ചെലവ് - 360000<br>(ബിൽ നം.2/29-4-19) | 2-1-2019 | 22-3-2019 | 3080 | 10422<br>(3%) | 7342 |
| 3 | 51/19-നടുക്കളം റോഡ് പുനരുദ്ധാരണം<br>അടങ്കൽ - 400000<br>PAC-386173<br>കരാറുകാരൻ - ശ്രീ.ഉമ്മർകോയ<br>എഗ്രിമെന്റ് നം.:1/26-8-2018<br>അളവു പുസ്തകം - 108/18-19<br>ചെലവ് - 400000<br>(ബിൽ നം.3/29-4-19) | 25-1-2019 | 19-2-2019 | 1470 | 3861<br>(1%) | 2391 |
| 4 | 74/19-പീലിയോട് അണക്കാട് റോഡ് പുനരുദ്ധാരണം<br>അടങ്കൽ - 400000<br>PAC-384136<br>കരാറുകാരൻ - ശ്രീ.ഫൈസൽ അലി<br>എഗ്രിമെന്റ് നം.:13/20-8-2019<br>അളവു പുസ്തകം - 99/18-19<br>ചെലവ് - 378038<br>(ബിൽ നം.4/29-4-19) | 19-12-2019 | 03-03-2019 | 3738 | 11524<br>(3%) | 7786 |
| 5 | 30/19-ശാന്തി ജംങ്ഷൻ റോഡ് പുനരുദ്ധാരണം<br>അടങ്കൽ - 230000<br>PAC-224541<br>കരാറുകാരൻ - ശ്രീ.എം.മുരളീധരൻ<br>എഗ്രിമെന്റ് നം.:18/21-8-2018<br>അളവു പുസ്തകം - 112/18-19<br>ചെലവ് - 230000 | 20-1-2019 | 22-03-2019 | 1520 | 6676<br>(3%) | 5216 |

| | | | | | | |
|---|---|---|---|---|---|---|
| | (ബ്രാൽ നം.5/29-4-19) | | | | | |
| 6 | 19/19-മാങ്ങോട് വടകര റോഡ് പുനരുദ്ധാരണം<br>അടങ്കൽ - 394000<br>PAC-380571<br>കരാറുകാരൻ -<br>ശ്രീ.ആർ.വിൽസൻ<br>എഗ്രിമെന്റ് നം.:44/29-8-2018<br>അളവു പുസ്തകം - 116/18-19<br>ചെലവ് - 392242<br>(ബിൽ നം.7/29-4-19) | 28-1-2019 | 27-03-2019 | 2441 | 11417<br>(3%) | 8976 |
| 7 | 50/18-പരുത്തിക്കാട്ടുമട റോഡ് പുനരുദ്ധാരണം<br>അടങ്കൽ - 518000<br>PAC-508898<br>കരാറുകാരൻ - ശ്രീ.ഇ.യു.ഉമ്മർകോയ<br>എഗ്രിമെന്റ് നം.:53/15-10-2018<br>അളവു പുസ്തകം - 109/18-19<br>ചെലവ് - 515275<br>(ബിൽ നം.12/4-7-19-360000<br>13/4-7-2019-155275) | 14-3-2019 | 13-06-2019 | 5153 | 15266<br>(3%) | 10113 |
| 8 | 85/19-വടക്കേക്കാട് എസ്.സി കോളനി റോഡ് പുനരുദ്ധാരണം<br>അടങ്കൽ - 410000<br>PAC-396967<br>കരാറുകാരൻ -<br>ശ്രീ.ആർ.വിൽസൻ<br>എഗ്രിമെന്റ് നം.:84/12-12-2018<br>അളവു പുസ്തകം - 181/18-19<br>ചെലവ് - 402546<br>(ബിൽ നം.16/19-7-19) | 11-5-2019 | 9-07-2019 | 2550 | 11909<br>(3%) | 9359 |
| 9 | 17/19-വടക്കേക്കാട് ന്യൂ കോളനി റോഡ് പുനരുദ്ധാരണം<br>അടങ്കൽ - 742500<br>PAC-718995<br>കരാറുകാരൻ -<br>ശ്രീ.ആർ.വിൽസൻ<br>എഗ്രിമെന്റ് നം.:56/15-10-2018<br>അളവു പുസ്തകം - 120/18-19<br>ചെലവ് - 739683<br>(ബിൽ നം.17/19-7-19) | 14-3-2019 | 9-07-2019 | 9616 | 21569<br>(3%) | 11953 |
| 10 | 102/19-കോരംപുള്ളി കോളനി റോഡ് പുനരുദ്ധാരണം<br>അടങ്കൽ -478000<br>PAC-452885<br>കരാറുകാരൻ - ശ്രീ.കെ.എം.രാധാകൃഷ്ണൻ<br>എഗ്രിമെന്റ് നം.:81/11-12-2018<br>അളവു പുസ്തകം - 13/19-20<br>ചെലവ് - 478000<br>(ബിൽ നം.19/30-8-19) | 10-5-2019 | 19-07-2019 | 3650 | 13585<br>(3%) | 9936 |

ആകെ – 79480

മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും മതിയായ പിഴ ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 19/23-6-21 നുള്ള മറുപടിയിൽ കരാറുകാരുടെ കരുതൽ നിക്ഷേപത്തിൽ നിന്നോ, തുടർ ബില്ലുകളിൽ നിന്നോ തുക കുറവു ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കരാറുകാരിൽ നിന്നും തുക ഈടാക്കി രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012 ലെ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ആസ്തി സംരക്ഷണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷത്തെ ആസ്തി സംരക്ഷണപദ്ധതികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിച്ചതായി കാണുന്നില്ല.

2. റോഡ് മെയ്ന്റനൻസ് ഫണ്ടിനത്തിൽ 3.011 കോടി രൂപ വകയിരുത്തി 83 പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 17 പ്രോജക്ടുകൾക്കായി 54.75 ലക്ഷം രൂപ (വകയിരുത്തിയ തുകയുടെ 19 %) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

3. റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ 17.36 ലക്ഷം രൂപ വകയിരുത്തി 10 പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 5 പ്രോജക്ടുകൾക്കായി 5.49 ലക്ഷം രൂപ (വകയിരുത്തിയ തുകയുടെ 32%) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

4. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുകകൾ ചെലവഴിച്ചതായും കാണുന്നില്ല.

ഉദാ. 111/20-വെറ്ററിനറി ഹോസ്പിറ്റൽ നവീകരണം - 200000 രൂപ

113 /20- അങ്കണവാടികൾക്ക് ടോയ്‌ലറ്റ് നിർമ്മാണം - 297000 രൂപ

141/20-അങ്കണവാടി റിപ്പയർ - 595000 രൂപ

ഓഡിറ്റ് അന്വേഷണം നം. 18/23-06-2021 നുള്ള മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം ആസ്തി സംരക്ഷണ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.
3. റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-35 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി ആരംഭിക്കാത്തതിനാൽ കരാറുകാരെ കരിമ്പട്ടികയിൽപെടുത്തുവാനുള്ള തീരുമാനം നടപ്പാക്കിയില്ല

2019-20 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫണ്ട് വിനിയോഗം 14-02-2020 ന് ചേർന്ന ഗ്രാമപഞ്ചായത്തിന്റെ യോഗത്തിൽ വിലയിരുത്തുകയുണ്ടായി. 5.64 കോടിയുടെ 106 പ്രവൃത്തികളിൽ സ്പിൽ ഓവർ പ്രവൃത്തികളിൽ ബഹു. ഭൂരിപക്ഷവും ആരംഭിച്ചിട്ടില്ലെന്നും പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ പോലുള്ള നിർമ്മാണ സാമഗ്രികൾ വാങ്ങിക്കുകയോ ചെയ്തിട്ടില്ലെന്നുമുള്ള കൊല്ലങ്കോട് ബ്ലോക്ക് അസി. എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കത്ത് യോഗത്തിൽ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 50% പോലും ചെലവഴിക്കപ്പെടാതെ പോകുന്നതിനുള്ള സാഹചര്യമുള്ളതായും അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചതും യോഗം വിലയിരുത്തിയിട്ടുണ്ട്.

എഗ്രിമെന്റ് വെച്ചതിനുശേഷം പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്ത കരാറുകാരുടെ പ്രവൃത്തികൾ പുതിയ കരാറുകാരെ കണ്ടെത്തി നൽകുവാനും ആയതിന്റെ നഷ്ടോത്തരവാദിത്തം കരാറുകാരിൽ നിന്നും ഈടാക്കുവാനും കരാറുകാരെ കരിമ്പട്ടികയിലുൾപ്പെടുത്തുവാനും 14-02-2020 യോഗം ഐകകണ്ഠേന തീരുമാനമെടുത്തിട്ടുണ്ട് (തീരുമാനം നം. 8). തുടർ നടപടികൾ സ്വീകരിക്കുവാൻ എ.ഇ, എൽ.എസ്.ജി.ഡി യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

യോഗത്തിൽ 3 കരാറുകാരുടെ 11 പ്രവൃത്തികളാണ് ആരംഭിക്കാത്തതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ 19 പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെന്ന് കണ്ടെത്തുകയും ആയത് റീടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. റീടെണ്ടറിൽ ആരും പങ്കെടുക്കാതിരുന്നതിനെത്തുടർന്ന് 19 പ്രവൃത്തികളും സ്പിൽഓവറാക്കുകയും 15-05-2020 ലെ തീരുമാനം നം.1 പ്രകാരം റീടെണ്ടർ ചെയ്യുവാൻ എ.ഇ യെ ചുമതലപ്പെടുത്തുകയും ചെയ്തു.

14-08-2020 ലെ യോഗതീരുമാനം നം. 8 പ്രകാരം കരാറുകാരെ കരിമ്പട്ടികയിൽപെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും കരാറുകാരുടെ പട്ടിക മേലധികാരികൾക്ക് അയച്ചു കൊടുക്കുകയോ കരാറുകാരെ കരിമ്പട്ടികയിൽപെടുത്തി ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.

PWD Manual, 2012 ലെ സെക്ഷൻ 2116.2(V) പ്രകാരം കരാറുകാരന്റെ ലൈസൻസ് റദ്ദാക്കാവുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതും അഞ്ചു വർഷത്തേക്ക് മറ്റൊരു പ്രവൃത്തി നിർവ്വഹിക്കുന്നതിൽ നിന്നും വിലക്ക് ഏർപ്പെടുത്താവുന്നതാണ്.

ഭരണസമിതി തീരുമാനം അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 16/23-06-2021 നുള്ള മറുപടിയിൽ മേൽ സൂചിപ്പിച്ച കരാറുകാർക്ക് ഗ്രാമപഞ്ചായത്തിൽ കരാറുകളൊന്നും നൽകിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കൈക്കൊള്ളുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ഏറ്റെടുത്ത പ്രവൃത്തികൾ കരാറുകാർ ആരംഭിക്കാത്തതിനാൽ റീടെണ്ടർ ചെയ്ത് പുതിയ കരാറുകാരെ പ്രവൃത്തികൾ ഏൽപ്പിച്ചു-ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല

14-02-2019 ലെ തീരുമാനം നം. 8 പ്രകാരം നാളിതുവരെ ആരംഭിക്കാത്ത പ്രവത്തികളുടെ കരാറുകാരെ ഒഴിവാക്കി പുതിയ കരാറുകാരെ പ്രവൃത്തികൾ ഏൽപ്പിക്കുവാനും അസ്സൽ കരാറുകരാരെ കരിമ്പട്ടികയിൽ പെടുത്തുവാനും കരാറുകാരിൽ നഷ്ടോത്തരവാദിത്തം ചുമത്തുവാനും തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ റീടെണ്ടർ ചെയ്തുവെങ്കിലും നഷ്ടോത്തരവാദിത്തം ഈടാക്കിയിട്ടില്ല. പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം., പേര് | അടങ്കൽ (രൂപ) | കരാറുകാരന്റെ പേര് | സെക്യൂരിറ്റിയായി ഒടുക്കിയ തുക (5%) |
|---|---|---|---|---|
| 1 | 54/19, 170/20, 150/21- Parakkatuchalla Ayyanveetuchalla Road Maintenance<br>Agr. No: 07/18-19 Dated: 17-08-2018 | 330000 | എ. വിജയകുമാർ | 16500 |
| 2 | 53/19, 169/20, 149/21 Ayyanveetuchalla Pathayam Road Maintenance<br>Agr. No: 08/18-19 Dated: 17/08/2018 | 255000 | എ. വിജയകുമാർ | 12800 |
| 3 | 55/19, 171/20, 151/21 Vellapatuchalla Road Maintenanace<br>Agr. No: 59/18-19 Dated : 17/10/2018 | 791000 | എ. വിജയകുമാർ | 39550 |
| 4 | 57/19, 173/20, 153/21 Parakkatuchalla Ambalam Road Maintenance<br>Agr.No: 76/AE/LSGD/PTY/18-19 Dated: 11/12/2018 | 335000 | എ. വിജയകുമാർ | 17000 |
| 5 | 36/19, 158/20, 141/21- Edayankulambu Asram Road<br>Agr. No: 92/18-19 Dated: 26/02/2019 | 1450000 | എ. വിജയകുമാർ | 72500 |
| 6 | 197/18, 197/184/19, 143/20, 129/21- Navukkod SC Colony Road<br>Agr. No: 59/17-18 Dated: 01/12/2017 | 408000 | എ. വിജയകുമാർ | 20500 |
| 7 | 38/19, 160/20, 143/21 Nedumballam Chuvattuvari Road Maintenance<br>Agr. No : 11/18-19 Dated: 17/08/2018 | 140000 | പി.രാധാകൃഷ്ണൻ | 7000 |
| 8 | 97/19, 189/20, 165/21 Nedumballam SC Colony Road | 610000 | പി.രാധാകൃഷ്ണൻ | 30500 |

| | | | | |
|---|---|---|---|---|
| | Maintenance<br>Agr. No : 57/18-19<br>Dated: 17/10/2018 | | | |
| 9 | 37/19, 159/20, 142,21<br>Nedumballam Chozhiyakkad Road Maintenance<br>Agr. No: 58/18-19<br>Dated: 17/10/2018 | 605000 | പി.രാധാകൃഷ്ണൻ | 30250 |
| 10 | 68/19, 180/20, 159/21<br>Pullimanchalla Link Road Maintenanace<br>Agr. No: 60/2018-19<br>Dated : 17/10/2018 | 647000 | കെ.അനിൽകുമാർ | 32350 |
| 11 | 251/18, 197/29, 134/20, 148/21<br>Tharakanchalla Pattanichalla Road Side Protection<br>Agr. No : 82/2017-18<br>Dated :20/1/2018 | 500000 | കെ.അനിൽകുമാർ | 25000 |
| 12 | 62/19, 175/20, 155/21<br>Palode Madassery Road<br>Agr. No: 22/18-19 Dtd: 21/08/2018 | 260000 | കെ.എം.രാധാകൃഷ്ണൻ | 13000 |
| 13 | 21/19, 149/20, 135/21<br>Moopankulam Vilakkanamkkode Road Maintenance<br>Agr .No: 23/18-19 Dtd : 21-08-2018 | 320000 | കെ.എം.രാധാകൃഷ്ണൻ | 16000 |
| 14 | 72/19, 182/20, 163/21<br>Chenthoni Road Maintenance<br>Agr. No: 25/2018-19<br>Dtd : 21/08/2018 | 115000 | കെ.എം.രാധാകൃഷ്ണൻ | 5800 |
| 15 | 34/19, 157/20, 140/21<br>Panamkavu Road Maintenance<br>Agr.No.65/2018-19<br>Dtd: 23/11/2018 | 545000 | കെ.എം.രാധാകൃഷ്ണൻ | 27300 |
| 16 | 101/19, 191/20, 166/21<br>Attanchery Road Maintenance<br>Agr. No : 66/2018-19<br>Dtd: 23/11/2018 | 670000 | കെ.എം.രാധാകൃഷ്ണൻ | 40300 |
| 17 | 64/19, 177/20, 156/2<br>Cherinkal Mariamman Kovil Road Maintenance<br>Agr.No. : 78/2018-19<br>Dtd : 11/12/2018 | 137000 | കെ.എം.രാധാകൃഷ്ണൻ | 7000 |

| | | | | |
|---|---|---|---|---|
| 18 | 65/19, 178/20, 157/21<br>Nayarthara Road Maintenance<br>Agr. No: 79/18-19 Dtd: 11/12/2018 | 210000 | കെ.എം.രാധാകൃഷ്ണൻ | 10300 |
| 19 | 87/19, 187/20, 164/21- Palode Madassery Road Maintenance<br>Agr. No: 80/18-19 Dtd: 11.12.2018 | 200000 | കെ.എം.രാധാകൃഷ്ണൻ | 10300 |
| ആകെ | | | | 433950 |

ട്രഷറി ഡെപ്പോസിറ്റ്, സ്ഥിരനിക്ഷേ സർട്ടിഫിക്കറ്റ് എന്നിവയായാണ് സെക്യൂരിറ്റി സൂക്ഷിച്ചിട്ടുള്ളത്. PWD Manual, 2012 ലെ സെക്ഷൻ 2116.2(V) പ്രകാരം കരാറുകാരുടെ പെർഫോമൻസ് സെക്യൂരിറ്റി മുതൽക്കൂട്ടി പഞ്ചായത്തിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

മേൽ പ്രവൃത്തികളിൽ പഞ്ചായത്തിനുണ്ടായ നഷ്ടം കണക്കാക്കി സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും നഷ്ടം നികത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ 17/23-6-2021 നമ്പർ മറുപടിയിൽ കരാറുകാരുടെ പെർഫോമൻസ് സെക്യൂരിറ്റി പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 ഗ്യാസ് ക്രിമട്ടോറിയം ഉദ്ഘാടനം - പരിധിയിൽ കവിഞ്ഞുള്ള ചെലവ് നിരാകരിക്കുന്നു

28.12.2015 ലെ സ.ഉ(സാധാ)നം.3866/2015/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിന് പരമാവധി 25000/- രൂപയും അല്ലാതെയുള്ള ഉദ്ഘാടനങ്ങൾക്ക് പരമാവധി 10000/- രൂപയും ചെലവഴിക്കാവൂ എന്നും ഈ പരിധിയിൽ അധികമായി ചെലവഴിക്കുന്ന തുകയ്ക്ക് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ ഉത്തരവാദിയായിരിക്കുമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിന്റെ ഗ്യാസ് ക്രിമട്ടോറിയത്തിന്റെ മന്ത്രി പങ്കെടുത്ത ഉദ്ഘാടന ചടങ്ങിനായി മേൽ സൂചിപ്പിച്ച പരിധിയിൽ കവിഞ്ഞുള്ള ചെലവ് നിർവ്വഹിച്ചതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
വൗ.നം. 336/2-8-19 – 35000 രൂപ (ഗ്യാസ് ക്രിമട്ടോറിയം-ഉദ്ഘാടനം-പന്തൽ, ചെയർ, മൈക്ക്, ആർച്ച് -ചെലവ് (മന്ത്രി പങ്കെടുത്തത് ))
മേൽ ഉത്തരവിന് വിരുദ്ധമായി അധിക തുക ചെലവഴിച്ചതിനാൽ അധികം ചെലവഴിച്ച 10000/- രൂപ (35000-25000) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.
ഓഡിറ്റ് നിർദ്ദേശം

1. ആസ്തികളുടെ ഉദ്ഘാടനത്തിനായി 28.12.2015 ലെ സ.ഉ(സാധാ)നം.3866/2015/ത.സ്വ.ഭ.വ പ്രകാരം ചെലവുകൾ ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. അധികം ചെലവഴിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.
3. മേൽ സൂചിപ്പിച്ച വിധത്തിലുള്ള ചെലവുകൾ നിർവ്വഹിക്കുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി വിലയിരുത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 21/23-06-2011 ന് മറുപടി ലഭ്യമായില്ല)

## 3-2 എസ്.സി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ലാപ് ടോപ് വിതരണം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ആകെ ചെലവ്-479200 (269550+209650)

| ക്രമ നം. | പ്രോജക്ട് നം | അടങ്കൽ | ചെലവ്/ ബിൽ നമ്പരും തിയ്യതിയും | ഇൻവോയ്സ് നം | ലഭിച്ച കമ്പ്യൂട്ടറുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 119/20-എസ്.സി.വിദ്യാർത്ഥികൾക്ക് | 210000 | 2/18.5.19 | B2C/343/ | 7 |

| | | | | | |
|---|---|---|---|---|---|
| | ലാപ്ടോപ് | | =209650 | 15.2.19 | |
| 2 | 120/20-എസ്.സി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ് | 210000 | 1/16.5.19 =269550 | B2C/342/ 15.2.19 | 9 |

സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ലാപ് ടോപ് വിതരണം എന്ന പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കറവ് തുക ക്വാട്ട് ചെയ്ത THEMES COMPUTERS, CHITTUR എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ഒരു കമ്പ്യൂട്ടറിന് 29950/-രൂപ നിരക്കിലുള്ള ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ആകെ 16 കമ്പ്യൂട്ടറുകളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ടെണ്ടർ പ്രകാരം ഗ്രാമപഞ്ചായത്ത് വിതരണത്തിനായി വാങ്ങിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ പ്രകാരം 15 ലാപ്ടോപ്പുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഒരെണ്ണം നാളിതുവരെയായും വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

<u>പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ</u>

അംഗീകരിച്ച ടെണ്ടർ പ്രകാരം ACER/LENOVA MODEL 4415/CORE I3/AMD-A8/A10 Or Above സ്പെസിഫിക്കേഷനോടുകൂടിയ കമ്പ്യൂട്ടറുകളാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ വിതരണത്തിനായി ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയത് DELL VOSTRO LAP 3568 (DC/4/IT/15.6”/LNX എന്ന കമ്പനിയുടെ 16 ലാപ്ടോപ്പുകളും LAP CARRY CASE കളുമാണ്. ഇൻവോയ്സിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ലാപ്ടോപ്പ് ഭൗതിക പരിശോധനയ്ക്ക് ( 23.6.21 ന് ) വിധേയമാക്കി ബോധ്യപ്പെട്ടിട്ടുണ്ട്.

ടെണ്ടറിൽ അംഗീകരിച്ച ബ്രാന്റിനു പകരം മറ്റൊരു ബ്രാന്റ് ലാപ്ടോപ്പ് വിതരണം ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നും രേഖകൾ പരിശോധിച്ച് ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കുന്നതിനു മുമ്പായി ലാപ്ടോപ്പുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മാർക്കറ്റിൽ വില കൂടിയ ഡെൽ ഐ.കെ.എം. പരിശോധിച്ചാണ് വിതരണം ചെയ്തതെന്ന് ബോധിപ്പിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കുന്നതിലുണ്ടായ കാലതാമസം, തെരഞ്ഞെടുപ്പുകൾ, കോവിഡ് തുടങ്ങിയ കാരണങ്ങളും ലാപ്ടോപ്പ് വിതരണത്തിൽ കാലതാമസം ഉണ്ടാകുന്നതിനിടയാക്കിയതായും അറിയിച്ചിട്ടുണ്ട്. എന്നാൽ 5/2019 ൽ നടത്തിയ പർച്ചേസിനുശേഷം വളരെ നാളുകൾ കഴിഞ്ഞാണ് മേൽ സൂചിപ്പിച്ച് പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് വിലയിരുത്തുന്നു. ഒരു ലാപ്ടോപ്പ് രണ്ടു വർഷങ്ങൾക്കുശേഷവും മറ്റൊരു ഗുണഭോക്താവിനെ കണ്ടെത്തി വിതരണം ചെയ്തിട്ടില്ല എന്നത് എസ്.സി ഫണ്ട് വിനിയോഗത്തിൽ ജാഗ്രത പാലിക്കാത്തതിന് ഉദാഹരണമായി വിലയിരുത്തുന്നു.
രണ്ടു വർഷങ്ങൾക്കുമുമ്പ് ആവിഷ്കരിച്ച പദ്ധതി പ്രകാരം വാങ്ങിയ ലാപ്ടോപ്പിൽ വിതരണം ചെയ്യാത്ത ലാപ്ടോപ്പിന്റെ വിലയായ 29950 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. സർക്കാരിന്റെ പ്രത്യേകാനുമതിയോടെ ലാപ്ടോപ്പ് മറ്റൊരു ഗുണഭോക്താവിന് വിതരണം ചെയ്യുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.
ഭാവിയിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Cprcs (Centralised Procurement Rate Contract System) മുഖേന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
എസ്.സി ഫണ്ടിന്റെ വിനിയോഗത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# <u>ഭാഗം -4</u>

## <u>4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 17.06.2021 മുതൽ 24.06.2021 വരെ | KSA-PKD-19/674/2021 തിയതി 28-06-2021 |

## <u>4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് ഷെയർ | 2017-18 | 440000 | ഗ്യാസ് ക്രിമട്ടോറിയം | 23730 | 416270 |
| | 2017-18 | 470652 | വിവിധ പദ്ധതികൾ (വിശദാംശം ലഭ്യമല്ല) | 6637 | 464015 |
| | 2018-19 | 12121 | ലൈഫ് | 0 | 12121 |
| | 2018-19 | 23232 | പാലിയേറ്റീവ് | 23232 | 0 |
| | 2018-19 | 500000 | ഭവന നിർമ്മാണ സാമഗ്രി യൂണിറ്റ് | 0 | 500000 |
| | 2019-20 | 1883730 | ലൈഫ് മിഷൻ | 1860000 | 23730 |
| | | 2572650 | സമൃദ്ധി | 2572650 | 0 |
| | | 64450 | വൃദ്ധർക്ക് കട്ടിൽ | 0 | 64450 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 25237 | ഉഴവുകൂലി | 25237 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 17753 | ലൈഫ്-ഭവനം | 2449625 | 24398 |
| | 2019-20 | 2456270 | ലൈഫ്-ഭവനം | | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 25237 | ഉഴവുകൂലി | 25237 | 0 |

ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതങ്ങളുടെ കൃത്യമായ വരവ്-ചെലവ് കണക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലുള്ള തുകകളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ആയത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രോജക്ടുകളുടെ തുക അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| KSEB | 135/20-വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 6/9.7.20 | 458722 | 458722 |
| KSEB | 11/20-സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | 43/28.2.20 | 150000 | 137373 |
| KSEB | 4/20-ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ | 64/30.3.20 | 75565 | 75565 |
| | | 65/30.3.20 | 417935 | 417935 |
| KSEB | 6/20-ഇലക്ട്രിക്കൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 42/28.2.20 | 66214 | 42319 |
| KWA | 12/20-വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 46/23.3.20 | 414000 | 414000 |
| KWA | 229/20-കാഞ്ഞിരകുളമ്പ് അമ്പലപറമ്പ് കുടിവെള്ള പദ്ധതി | 48/23.3.20 | 411000 | 411000 |
| KWA | 236/20-മുട്ടിച്ചിറ കുടിവെള്ള പദ്ധതി | 47/23.3.20 | 100000 | 100000 |
| KWA | 237/20-പുത്തൻകുടി കുടിവെള്ള പദ്ധതി | 45/23.3.20 | 125000 | 125000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 66536189 (മുന്നിരിപ്പ് തുക 39520000 ഉൾപ്പെടെ) | 66536189 | 3441177 | - | 63095012 |

സ്രോതസ്സിൽ നിന്നും തൻവർഷം 3441177 രൂപ കുറവു ചെയ്തിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 36421രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2017-18 | 3-9(2) | 364 | 119050102633/6-11-2019 | ശ്രീ.സേതു.എസ്, അസി.എഞ്ചിനിയർ |
| 2017-18 | 3-8 | 36057 | 119050500014/21-01-2020 | ശ്രീ.സേതു.എസ്, അസി.എഞ്ചിനിയർ |
| ആകെ | | 36421 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 13000121 |
| ഓഡിറ്റ് വർഷത്തെ വരവ് | 113732248 |
| ആകെ | 126732369 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 109539502 |
| നീക്കിയിരിപ്പ് | 17192867 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 49950 (ഭാഗം 3)<br>79480 (ഭാഗം 1) |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10000 | ശ്രീ.ഇ.വി.ഗിരീഷ്, സെക്രട്ടറി |
| 3-2 | - | 39950 | ശ്രീ.ഇ.വി.ഗിരീഷ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
ഒന്നുമില്ല
ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 1-33 | 79480 (Fine) | ശ്രീമതി.ഷമിത.പി, അസി.എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഇ.വി.ഗിരീഷ്, സെക്രട്ടറി | സെക്രട്ടറി, പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് | ശ്രീകൃപ, എഴുത്താണി, വിളയോടി(പി.ഒ), പാലക്കാട്-679103 |
| ശ്രീമതി.ഷമിത.പി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, ആലത്തൂർ ഗ്രാമപഞ്ചായത്ത് | കൃഷ്ണപ്രഭ വീട്, വട്ടകൻകുളമ്പ്, കൊഴിഞ്ഞാമ്പാറ, പാലക്കാട്-678555 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി9/597/99/24-9-1999 | 8 |
| 1997-98 | എൽ.എഫ്.പി12/244/03/2-4-2003 | 2 |
| 1998-99 | എൽ.എഫ്.പി12/414/02/1-10-2002 | 8 |
| 1999-2000 | എൽ.എഫ്.പി11/1557/09/6-9-2010 | 2 |
| 2000-2001 | എൽ.എഫ്.പി11/1247/08/ 19-2-2009 | 7 |
| 2001-02 | എൽ.എഫ്.പി11/1542/09/ 13-4-2010 | 2 |
| 2002-03 | എൽ.എഫ്.പി11/79/09/11-2-2009 | 1 |
| 2003-04 | എൽ.എഫ്.പി11/948/08/ 22-10-2009 | 6 |
| 2004-05 | എൽ.എഫ്.പി11/1371/11/ 20-9-2011 | 4 |
| 2005-06 | എൽ.എഫ്.പി19/595/15/11-6-15 | 7 |
| 2006-07 | എൽ.എഫ്.പി11/1332/ Spl.Cell/C.Sc/D3/12/ 1-1-13 | 2 |
| 2007-08 | എൽ.എഫ്.പി11/375/12/ 10.4.12 | 7 |
| 2008-09 | എൽ.എഫ്.പി11/1979/11/ /16-1-12 | 6 |
| 2009-10 & 2010-11 | കെ.എസ്.എ.പി.കെ.ഡി-19/328/16(2)/20.3.17 | 11 |
| 2011-12 | കെ.എസ്.എ.പി.കെ.ഡി-19/481/14/ 3.514 | 11 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി-19/392(1)/15/ 20.4.17 | 7 |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി-19/466/16/ 4-4-17 | 12 |
| 2015-2016 | കെ.എസ്.എ.പി.കെ.ഡി-19/119/ 17/8-2-17 | 3 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017 | 14 |
| 2017-2018 | കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017 | 24 |
| 2018-19 | കെ.എസ്.എ.പി.കെ.ഡി-19-2119/2018/14-11-2018 | 24 |

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-2</u>

## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

# വിവിധ പത്രികകളുടെ സംക്ഷിപ്തം

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **Pattanchery Grama Panchayat RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 12961704.00 |
| Bank | Bank | RP-40(a) | 12961704.00 |
| Bank | Bank | RP-40(a) | 12961704.00 |
| Cash | Cash | RP-40(a) | 38417.00 |
| Cash | Cash | RP-40(a) | 38417.00 |
| Cash | Cash | RP-40(a) | 38417.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1012360.00 |
| 110000000 | Tax Revenue | RP-1 | 1012360.00 |
| 110000000 | Tax Revenue | RP-1 | 1012360.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1000.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1000.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1000.00 |
| 140000000 | Fees & User Charges | RP-4 | 2262601.00 |
| 140000000 | Fees & User Charges | RP-4 | 2262601.00 |
| 140000000 | Fees & User Charges | RP-4 | 2262601.00 |
| 150000000 | Sale & Hire Charges | RP-5 | 83766.00 |
| 150000000 | Sale & Hire Charges | RP-5 | 83766.00 |
| 150000000 | Sale & Hire Charges | RP-5 | 83766.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 46579401.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 46579401.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 46579401.00 |
| 171000000 | Interest Earned | RP-9 | 216816.00 |
| 171000000 | Interest Earned | RP-9 | 216816.00 |
| 171000000 | Interest Earned | RP-9 | 216816.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 31956932.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 31956932.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 31956932.00 |
| 350000000 | Other Liabilities | RP-36 | 43250.00 |
| 350000000 | Other Liabilities | RP-36 | 43250.00 |
| | | | |

Digitally signed by GIRISH Date: 2020.05.3

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **Pattanchery Grama Panchayat INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3235891.00 |
| 130000000 | Rental Income from Panchayat / | I-3 | 99088.00 |

| | | | |
|---|---|---|---|
| | Municipal Properties | | |
| 140000000 | Fee & User Charges | I-4(b) | 2329851.00 |
| 150000000 | Sale & Hire Charges | I-5(b) | 83766.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 104712469.00 |
| 171000000 | Interest Earned | I-8 | 216816.00 |
| 180000000 | Other Income | I-9 | 78193.00 |
| | **Total Income** | | **110756074.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10743081.00 |
| 220000000 | Administrative Expenses | I-11(b) | 1873559.00 |
| 230000000 | Operations & Maintenance | I-12(b) | 1994113.00 |
| 240000000 | Interest & Finance Charges | I-13 | 689.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5673579.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 47311841.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3502588.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 330890.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 24217000.00 |
| 255000000 | Maintenance Projects | I-14(e) | 3158510.00 |
| 272000000 | Depreciation | I-17(a) | 6410822.00 |
| | **Total Expenditure** | | **105216672.00** |
| | **Gross Surplus/ Deficit of income over Expenditure** | | **5539402.00** |
| 280000000 | Prior Period Item | I-18 | 1909044.24 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **3630357.76** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Digitally signed by GIRISH, Secretary

| | | | |
|---|---|---|---|
| | **Pattanchery Grama Panchayat BALANCE SHEET** | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 22154593.11 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 18242.00 |
| 312000000 | Reserves | B-3 | 75238291.00 |
| | **Total Reserve & Surplus** | | **97411126.11** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5815820.00 |
| | **Total Grants, Contributions for Specific Purposes** | | **5815820.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 63095012.00 |
| | **Total Loans** | | **63095012.00** |
| | **Current Liabilities & Provisions** | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 378625.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 932426.89 |
| | **Total Current Liabilities and Provisions** | | **1311051.89** |
| | **TOTAL LIABILITIES** | | **167633010.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 90493353.00 |
| 411000000 | Accumulated Depreciation | B-11 | -6484913.00 |
| 412000000 | Capital Work in Progress | B-11(a) | 1350269.00 |
| | **Total Fixed Assets** | | **85358709.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 267945.00 |
| 440000000 | Pre-paid Expenses | B-16 | 62995012.00 |
| 450000000 | Cash and Bank Balance | B-17 | 17192867.00 |
| 460000000 | Loans, Advances and Deposits | B-18 | 1818477.00 |
| | | | |

Digitally signed by GIRISH Date: 2020.05.30 13:43:5